# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാട്ടൂൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ/സി.2/1147/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 19/09/2022
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാട്ടൂൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ /കെ.എൻ.ആർ/സി.2/1147/22 തീയ്യതി: 19/09/2022

## കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ എം സി | ഡെപ്യൂട്ടി ഡയറക്ടർ | 03-08-2022 | 12-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-08-2022 | 12-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.സിന്ധു. ടി. പി ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2.റീന പിട്ടൻ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

3.ധന്യ. എം. വി , ഓഡിറ്റർ

4.പ്രമോദ്. കെ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഫാരിഷ. കെ. | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ശ്രീകുമാർ . സി കെ | സെക്രട്ടറി | 01-04-2021 | 06-07-2021 |
| ശ്രീമതി.രമാദേവി. ഇ. ബി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-07-2021 | 13-07-2021 |
| ശ്രീമതി. സുമതി. പി എം | സെക്രട്ടറി | 14-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷീന.കെ.വി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ.സിംസി ആനി ചെറിയാൻ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ.അനൂപ്. സി ഒ | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2021 | 31-03-2022 |
| ഡോ.സിത്താര. കെ. പയ്യനാട്ട് | മെഡിക്കൽ ഓഫീസർ, ആയുർവേദ | 01-04-2021 | 23-09-2021 |
| ഡോ.സജിന.എൻ എ വി | മെഡിക്കൽ ഓഫീസർ,ആയുർവേദ | 24-09-2021 | 15-11-2021 |
| ഡോ.സിത്താര. കെ. പയ്യനാട്ട് | മെഡിക്കൽ ഓഫീസർ,ആയുർവേദ | 16-11-2021 | 03-12-2021 |
| ഡോ.സജിന.എൻ എ വി | മെഡിക്കൽ ഓഫീസർ,ആയുർവേദ | 04-12-2021 | 28-02-2022 |
| ഡോ.സിത്താര. കെ. പയ്യനാട്ട് | മെഡിക്കൽ ഓഫീസർ,ആയുർവേദ | 01-03-2022 | 13-03-2022 |
| ഡോ.അമർനാഥ് പി | മെഡിക്കൽ ഓഫീസർ, ആയുർവേദ | 14-03-2022 | 31-03-2022 |
| ഡോ.ജയദീപ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 20-04-2021 |
| ഡോ. ഷർന സി എം | മെഡിക്കൽ ഓഫീസർ, ഹോമിയോ | 21-04-2021 | 31-03-2022 |
| ശ്രീമതി. ദിവ്യ ടി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ സുരേശൻ കെ | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |
| ശ്രീമതി മിനി നാരായണൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 01-08-2021 |
| ശ്രീ അബ്ദുള്ള കെ പി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 02-08-2021 | 31-03-2022 |
| ശ്രീമതി അനിത സി ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 02-08-2021 |
| ശ്രീ പ്രശോഭ് എൻ ബി | അസിസ്റ്റന്റ് എഞ്ചിനീയർ | 03-08-2021 | 30-11-2021 |
| ശ്രീമതി നിമിഷ വി പി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-12-2021 | 31-03-2022 |
| ശ്രീമതി രമാദേവി ഇ ബി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-01-2022 |
| ശ്രീമതി ശ്രീവിദ്യ വി | അസിസ്റ്റന്റ് സെക്രട്ടറി | 01-02-2022 | 07-02-2022 |
| ശ്രീ ഫാറൂക്ക് എം കെ | അസിസ്റ്റന്റ് സെക്രട്ടറി | 08-02-2022 | 31-03-2022 |
| ശ്രീമതി ഗീത പി.പി. | വി.ഇ.ഒ. | 01-04-2021 | 22-07-2021 |
| ശ്രീ.സുനിൽകുമാർ കെ | വി.ഇ.ഒ. | 23-07-2021 | 01-09-2021 |
| ശ്രീമതി സവിത എം.വി. | വിഇ.ഒ. | 02-09-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sindhu T P (Audit Officer, On 04-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Sindhu T P (Audit Officer, On 04-08-2022)<br>Last Updated By: Sindhu T P (Audit Officer, On 04-08-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-09-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Sindhu T P (Audit Officer, On 07-08-2022)<br>Last Updated By: Sindhu T P (Audit Officer, On 14-08-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-09-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-09-2022) | 1-6 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Sindhu T P (Audit Officer, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-09-2022) | 1-6-1 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-09-2022) | 1-7 |
| 10 | സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല-സംസ്ഥാന സർക്കാരിന് ലക്ഷങ്ങളുടെ നഷ്ടം<br>Written By: Sindhu T P (Audit Officer, On 11-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-7-1 |
| 11 | ക്യാഷ് പരിശോധന<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Sindhu T P (Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-9 |
| 13 | സ്റ്റാൻഡിംഗ് കമ്മിറ്റികൾ<br>Written By: Sindhu T P (Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-9-1 |
| 14 | ഗ്രാമസഭ<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-10 |
| 15 | ഉപയോഗക്രമം മാറ്റി കെട്ടിടങ്ങൾ ഉപയോഗിക്കുന്നത്-നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Reena Pittan (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-11 |
| 16 | സഞ്ചയയിൽ നിന്ന് ലഭ്യമാകുന്ന റിപ്പോർട്ടുകളിൽ വ്യക്തത വരുത്താൻ | 1-12 |

| | | |
|---|---|---|
| | നടപടി സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | |
| 17 | റഗുലറൈസേഷനായി അപേക്ഷിച്ച കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിക്കുന്നത്- തുടർ നടപടികൾകാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-13 |
| 18 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി-സംയുക്ത പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല<br>Written By: Pramod K (Auditor, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-14 |
| 19 | പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഒടുക്കിയതിൽ അധികം നൽകിയ 15161രൂപ ക്രമീകരിക്കേണ്ടതാണ്<br>Written By: Pramod K (Auditor, On 12-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-09-2022) | 1-15 |
| 20 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രവും,അനുബന്ധ രേഖകളും ഹാജരാക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-16 |
| 21 | ബേലിംഗ് മെഷിൻ വാങ്ങൽ-ഇൻസ്റ്റലേഷൻ രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-17 |
| 22 | അംഗൻ വാടികൾക്ക് കുടിവെള്ള ശുദ്ധീകരണ സംവിധാനം വാങ്ങൽ -രേഖകൾ ഹാജരാക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-18 |
| 23 | സ്റ്റോക്ക് , വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Pramod K (Auditor, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-19 |
| 24 | ഇൻഫർമേഷൻ കേരള മിഷന് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Pramod K (Auditor, On 12-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-20 |
| 25 | ജലജീവൻ മിഷൻ-തുക കൈമാറൽ-വിനിയോഗം സംബന്ധിച്ച വിവരം ഹാജരാക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 12-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-21 |
| 26 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ-മുഴുവൻ മരുന്നുകളും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Pramod K (Auditor, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-22 |
| 27 | സാന്ത്വന ചികിൽസ-അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം<br>Written By: Pramod K (Auditor, On 12-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-23 |
| 28 | സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി - പൂർത്തിയായിട്ടില്ല<br>Written By: Dhanya.M.V (Auditor, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-24 |
| 29 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല<br>Written By: Dhanya.M.V (Auditor, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-09-2022) | 1-25 |
| 30 | ഇ-ടെണ്ടർ - ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ | 1-26 |

| | | |
|---|---|---|
| | സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | |
| 31 | ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Reena Pittan (Asst. Audit Officer, On 13-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-09-2022) | 1-27 |
| 32 | ലാപ്പ്ടോപ്പ് വിതരണം- സ്പെസിഫിക്കേഷൻ ഉൾപ്പെടുന്ന ബിൽ ഹാജരാക്കിയിട്ടില്ല<br>Written By: Dhanya.M.V (Auditor, On 23-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-28 |
| 33 | പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധി പ്രവർത്തനക്ഷമമല്ല<br>Written By: Pramod K (Auditor, On 14-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 1-29 |
| 34 | ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Sindhu T P (Audit Officer, On 14-08-2022)<br>Last Updated By: Sindhu T P (Audit Officer, On 14-08-2022) | 1-30 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-09-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Sindhu T P (Audit Officer, On 09-08-2022) | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ്<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Sindhu T P (Audit Officer, On 09-08-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Sindhu T P (Audit Officer, On 09-08-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Sindhu T P (Audit Officer, On 09-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhu T P (Audit Officer, On 14-08-2022) | 4-10 |

| | | |
|---|---|---|
| | Last Updated By: Pramodan Anchantavida (Computer Assistant, On 13-09-2022) | |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhu T P (Audit Officer, On 09-08-2022)<br>Last Updated By: Pramodan Anchantavida (Computer Assistant, On 19-09-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ധനകാര്യപത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 19.02.21 തീയതിയിലെ 31/21 നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 26.03.22 തീയതിയിലെ 53/22 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1,06,63,064 | (27,80,134) |
| വരവ് | 14,55,37,000 | 13,24,83,098 |
| ആകെ | 15,62,00,064 | 12,97,02,964 |
| ചെലവ് | 15,31,03,848 | 12,83,71,115 |
| നീക്കിയിരിപ്പ് | 30,96,216 | 13,31,849 |

പെർഫോമൻസ് ബജറ്റും ജന്റർ ബജറ്റും തയ്യാറാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2022 | 06.07.2022 | തിരിച്ചയച്ചിട്ടില്ല |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.05.22 തീയതിയിലെ 80/22 നമ്പർ തീരുമാന പ്രകാരമാണ് വാർഷിക ധനകാര്യ പത്രിക അംഗീകരിച്ചത്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1.ഇ എം എസ് ഭവന പദ്ധതി വായ്പ തിരിച്ചടവ്

പ്രോജക്ട് നമ്പർ 12/22 പ്രകാരം 450000രൂപയാണ് തിരിച്ചടച്ചത്. പ്രോജക്ട് നമ്പർ 13/22 - പലിശ തിരിച്ചടവ് എന്ന പദ്ധതിക്കായി ചെലവഴിച്ച 161943രൂപ ഉൾപ്പെടെ 611943 രൂപ മുതൽ ഇനത്തിൽ തിരിച്ചടച്ചതായാണ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത്(ആർ പി 32 ഷെഡ്യൂൾ).ആയതിന്റെ അടിസ്ഥാനത്തിലാണ് ബി 5 ഷെഡ്യൂളിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുക (1048057രൂ) രേഖപ്പെടുത്തിയത്.

2. ഇ എം എസ് ഭവന പദ്ധതിക്കായി (പുതിയത്) വായ്പയെടുക്കാൻ അനുമതി നല്കിയപ്പോൾ ( തദ്ദേശ സ്വയംഭരണ(ഡി ബി)വകുപ്പിന്റെ 15.03.22 ലെ 75894/ഡി ബി 1/12/തസ്വഭവ ഉത്തരവ്) വായ്പ തുക തിരിച്ചടവിനായി വികസന ഫണ്ടും പലിശ ഒടുക്കുന്നതിനായി തനത്/ജനറൽ പർപ്പസ് ഫണ്ടും ഉപയോഗിക്കാനാണ് അനുമതി നല്കിയത്. ഇതിനു വിരുദ്ധമായി പലിശ ഒടുക്കുന്നതിനായി വികസന ഫണ്ട് - ജനറൽ വകയിരുത്തിയതിന് (പ്രോജക്ട് നമ്പർ 13/22 - പലിശ തിരിച്ചടവ്) കാരണമായി അറിയിച്ചത് ഗ്രാമപഞ്ചായത്തിന് തനതു ഫണ്ട് കുറവായതിനാലാണ് സർക്കാർ അനുമതിക്ക് വിരുദ്ധമായി പലിശ തിരിച്ചടവിനായി വികസന ഫണ്ട് ഉപയോഗപ്പെടുത്തിയത് എന്നാണ്. പലിശ ഒടുക്കുന്നതിനായി സർക്കാർ അനുമതിയില്ലാതെ വികസന ഫണ്ട് ഉപയോഗപ്പെടുത്തിയത് ശരിയല്ല.

3.ബി 9 ഷെഡ്യൂൾ പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ പേയബിൾ 84475രൂപയും ഏപ്രിൽ 2022 മാസം അടവാക്കിയ തുക 81672രൂപയുമാണ്. ബാക്കി തുക നാളിതു വരെ ഒടുക്കിയിട്ടില്ല. തുക എത്രയും പെട്ടെന്ന് ഒടുക്കു വരുത്തുന്നതാണ് എന്ന് മറുപടി നല്കിയിട്ടുണ്ട്. തുക ഒടുക്കു വരുത്തി അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതാണ്.

4.ബി 9 ഷെഡ്യൂളിലെ Other Employee Liabilities Payable ഇനത്തിലുള്ള 3323470രൂപ മണൽ വാരൽ തൊഴിലാളികൾക്കും ലോഡിംഗ് തൊഴിലാളികൾക്കും നല്കുന്നതിനുള്ള തുകയാണെന്നും കൂലി Daily Wages എന്ന ഹെഡിൽ രേഖപ്പെടുത്തിയതിനാലാണ് നീക്കിയിരിപ്പ് വന്നതെന്നും ജേണൽ എൻട്രി മുഖേന കൃത്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അപാകം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും അപാകം പരിഹരിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതുമാണ്.

5.other Recoveries Payable എന്ന ഹെഡിൽ രേഖപ്പെടുത്തിയ 21839 രൂപ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ ഇനത്തിലുള്ളതാണ്. ഇതിൽ 8783രൂപ നാളിതു വരെ ഒടുക്കിയിട്ടില്ല. അപാകം ആവർത്തിക്കാതിരിക്കാൻ

ശ്രദ്ധിക്കേണ്ടതും തുക എത്രയും പെട്ടെന്ന് ഒടുക്കു വരുത്തി അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

6.സ്രോതസ്സിൽ നിന്നും കുറവു ചെയ്ത ആദായ നികുതി 15546രൂപ അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7.ബി 4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുള്ള ഗുണഭോക്തൃ വിഹിതത്തിൽ 134250രൂപ 2021-22 ൽ വി ഇ ഒ നിർവ്വഹണം നടത്തിയ ഗാർഹിക റിംഗ് കമ്പോസ്റ്റ് പദ്ധതിയുടെതാണെന്ന് അറിയിച്ചിട്ടുണ്ട്. ബാക്കി തുക ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

8.ബി18 ഷെഡ്യൂളിൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് മുൻകൂറായി നല്കിയ ഇനത്തിലുള്ള 123163രൂപ പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ചെലവഴിച്ച തനതു ഫണ്ട് ആണെന്ന് മറുപടി നല്കിയിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഇതിൽ ബഡ്സ് സ്കൂൾ ചെലവുകൾക്കായി മുൻകൂർ നല്കിയ 54406രൂപയും ഉൾപ്പെടുന്നു. ഓഡിറ്റ് വർഷം കുടിവെള്ളക്കരം ഇനത്തിൽ തനതു ഫണ്ടിൽ നിന്ന് 268757രൂപ ചെലവഴിക്കുകയും ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ൽ നിന്നും 200000രൂപ റീക്കൂപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്. വെള്ളക്കരം ഒടുക്കുന്നതിന് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗപ്പെടുത്തിയതിന്റെ അടിസ്ഥാനം വ്യക്തമാക്കിയിട്ടില്ല.ബഡ്സ് സ്കൂൾ ഗ്രാന്റിനത്തിൽ തുക ലഭ്യമാണെന്നിരിക്കെ 54406രൂപ റീക്കൂപ്പ് ചെയ്യാതിരുന്നതിനും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

9.സുലേഖ ചെലവു പത്രികയിൽ ആശ്രയ പദ്ധതി- വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ ( പ്രോജക്ട് നമ്പർ 87/22) എന്ന പദ്ധതിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്തിയതായാണ് രേഖപ്പെടുത്തിയത്. തനതു ഫണ്ടിൽ നിന്നും 50000രൂപ ചെലവഴിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ടിലും മറ്റ് രേഖകളിലും തനതു ഫണ്ട് വകയിരുത്തിയതായാണ് ചേർത്തതെങ്കിലും സുലേഖ ചെലവു പത്രികയിൽ ഈ രീതിയിൽ തെറ്റായി രേഖപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

10.സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വരവു ചെലവുകൾ ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയത് 2021-22 സാമ്പത്തിക വർഷത്തേക്കുള്ള പെൻഷൻ ഇനത്തിൽ വന്ന ചെലവു മാത്രം അടിസ്ഥാനമാക്കിയാണ്. 2020-21 സാമ്പത്തിക വർഷത്തെ പെൻഷൻ തുക 2021-22 സാമ്പത്തിക വർഷം വിതരണം ചെയ്തത് പ്രസ്തുത ഹെഡുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2020-21 ലെ പെൻഷൻ 2021-22 ൽ നല്കിയത് | 2021-22 ലെ പെൻഷൻ തുക അതേ വർഷം നല്കിയത് | ആകെ |
|---|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | ₹643400 (As On 31.03.22 ₹2006400 – As On 31.03.21 ₹1363000) | 13,35,600 | 1979000 |
| ദേശീയവാർധക്യകാല പെൻഷൻ | 13287100 | 29168200 | 42455300 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 2438600 | 5404800 | 7843400 |
| 50വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 169600 | 396800 | 566400 |
| വിധവാ പെൻഷൻ | 8729900 | 19209000 | 27938900 |

11.ഐ – 6 ഷെഡ്യൂളിൽ Other Revenue Grants ഇനത്തിൽ -276394രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. നെഗറ്റീവ് തുക വന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല

12.ഐ 18 , ആർ പി 38ഷെഡ്യൂളുകളിൽ രേഖപ്പെടുത്തിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. (വിവിധ ഹെഡുകളിൽ ക്രമീകരിക്കപ്പെട്ട തുക).വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

13.ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ നീക്കിയിരിപ്പുള്ള 17,30,904രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പൂത്താലിത്തോട് വി സി ബി എന്ന പദ്ധതിക്കായി ലഭിച്ച 900000രൂപ 2020-21 സാമ്പത്തിക വർഷം വിനിയോഗിച്ചതാണെങ്കിലും നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.വിവിധ വർഷങ്ങളിൽ ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് ലഭ്യമായ തുകയിൽ വിനിയോഗിക്കാതെ അവശേഷിക്കുന്ന തുക മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് തിരിച്ചടക്കേണ്ടതും അനുബന്ധരേഖകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

14.എം എൻ ആർ ഇ ജി എസ് – ഭരണച്ചെലവുകൾക്കായി തനതു ഫണ്ടിൽ നിന്ന് നല്കിയതിൽ തിരികെ കിട്ടാൻ ബാക്കിയുള്ളതായി ബി-18 ഷെഡ്യൂളിൽ രേഖപ്പെടുത്തിയത് 761171 രൂപയാണ്. എന്നാൽ എം എൻ ആർ ഇ ജി എസ് വിഭാഗത്തിലെ രജിസ്റ്ററുകൾ പ്രകാരം തിരിച്ചു നല്കാൻ ബാക്കിയുള്ള തുക 558639രൂപ മാത്രമാണ്. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല. കണക്കുകൾ പൂർണ്ണരൂപത്തിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. (മുന്നിരിപ്പ്,

നീക്കിയിരിപ്പ്)
(ഓഡിറ്റ് എൻക്വയറി നമ്പർ 2/05.08.22)

## 1-3 സാമ്പത്തിക വിശകലനം(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,05,79,157 |
| വരവ് | 6,77,50,126 |
| ആകെ | 7,83,29,283 |
| ചെലവ് | 6,59,21,944 |
| നീക്കിയിരിപ്പ് | 1,24,07,339 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം-ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹15161 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/(ലാപ്സായ തുക) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,90,43,000 | 1,90,43,000 | 1,77,22,341 | 1320659 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 20,35,000 | 20,35,000 | 2016428 | 18572 |
| മെയിന്റനൻസ് ഗ്രാന്റ് , റോഡ് | 0 | 3632000 | 3632000 | 2455967 | 1176033 |
| മെയിന്റനൻസ് ഗ്രാന്റ് , റോഡിതരം | 0 | 54,80,880 | 54,80,880 | 3500263(*) | 1980617 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് | 0 | 74,99,457 | 74,99,457 | 22,10,469 | 52,88,988 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്,ബേസിക്ക് (ACR പ്രകാരം) | 0 | 3618794 | 36,18,794 | 23,17,401 | 13,01,393 |
| സാക്ഷരത | 57,984 | 1,416 | 59,400 | 17,280 | 42,120 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് (സ്റ്റേറ്റ് ഷെയർ) | 12,45,736 | 5,24,416 | 17,70,152 | 3,78,400 | 13,91,752 |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 8,35,561 | 14,10,826 | 22,46,387 | 22,46,387 | 0 |
| അംഗണവാടി നെയിംബോർഡ് സ്ഥാപിക്കുന്നതിനായി ലഭിച്ച തുക | 42,000 | 0 | 42,000 | 40,600 | 1,400 |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 0 | 3,80,684 | 3,80,684 | 3,80,684 | 0 |
| ടി എസ് സി | 0 | 4,17,811 | 4,17,811 | 4,17,811 | 0 |
| എം പി എൽ എ ഡി | 0 | 16,99,412 | 16,99,412 | 16,99,412 | 0 |
| മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള | 74,550 | 0 | 74,550 | 0 | 74,550 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ് | | | | | |
| ശുചിത്വമിഷൻ | 14,42,762 | 1,70,000 | 16,12,762 | 5,15,888 | 10,96,874 |
| ബ്ലോക്ക് പഞ്ചായത്ത് | 3,88,078 | 4,50,000 | 8,38,078 | 4,50,000 | 3,88,078 |
| ജില്ലാ പഞ്ചായത്ത് | 24,52,069 | 3,80,425 | 28,32,494 | 11,01,590 | 17,30,904 |

(*)വാർഷിക ധനകാര്യ പത്രികയിലും സുലേഖ ചെലവു പത്രികയിലും ചെലവ് 28,49,548 രൂപ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവാണ് 35,00,263രൂപ.

കേന്ദ്രസംസ്ഥാന സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റുകൾ – അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയ വിവരങ്ങളാണ് പട്ടികയിൽ ഉൾപ്പെടുത്തിയത്. ചെലവിന്റെ വിശദാംശങ്ങൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതും കൃത്യമായ കണക്കുകൾ ലഭ്യമാക്കേണ്ടതുമാണ്.

സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുകയുടെ വിനിയോഗം – കണക്കുകളിൽ വ്യക്തതയില്ല

1.ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ നീക്കിയിരിപ്പായി കാണിച്ച 1730904രൂപയുടെ വിശദാംശങ്ങൾ താഴെ പറയും പ്രകാരമാണ്.

ബഡ്സ് സ്കൂൾ -504439(2017-18)

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് – 41940(2017-18)

അംബേദ്കർ കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം – 278835(2017-18)

പൂത്താലിത്തോട് വി സി ബി – 900000(2018-19)

ഇതിൽ പൂത്താലിത്തോട് വി സി ബി നിർമ്മാണത്തിനായി 900000രൂപ ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ ചെലവഴിച്ചതായി 2020-21 സാമ്പത്തിക വർഷത്തെ സുലേഖ ചെലവു പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ടു വർഷങ്ങളിലും ഒരേ ആവശ്യത്തിനായി തുക ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

അംബേദ്കർ കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിനായി 2017-18 സാമ്പത്തിക വർഷം ലഭിച്ച 1000000രൂപ ചെലവഴിക്കാതെ തന്നെ 2020-21 സാമ്പത്തിക വർഷം വീണ്ടും 1000000രൂപ അനുവദിക്കുകയും ആയത് ചെലവഴിക്കുകയും ചെയ്തിരുന്നു. 2017-18 ൽ ലഭിച്ച തുകയിൽ 721165രൂപ ഉപയോഗപ്പെടുത്തി 2021-22 സാമ്പത്തിക വർഷം ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള അവസാന ഘട്ട പ്രവൃത്തികൾ നടത്തുകയാണ് ചെയ്തത്.

രേഖകൾ പരിശോധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമാക്കേണ്ടതും അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതുമാണ്.

2.ബ്ലോക്ക് വിഹിതമിനത്തിൽ നീക്കിയിരിപ്പുള്ള 388078രൂപയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

ഐ സി ഡി എസ് – 350000രൂപ(2017-18)

ബഡ്സ്- 12409

പാൽ സബ്സിഡി- 20669(2018-19)

വിനിയോഗിക്കാൻ കഴിയാത്ത തുക തിരിച്ചടച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 177 | 6,97,21,159 | 133 | 4,52,76,673 | 16 | 44 | 117 | 66 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതിച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 10 | 10 | 3422495 | 3421927 | 99.98 |
| വെറ്റിനറി സർജൻ | 5 | 5 | 1496498 | 1196498 | 79.95 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 2 | 1 | 580001 | 578214 | 99.69 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവേദ | 1 | 1 | 800000 | 800000 | 100 |
| വി ഇ ഒ | 17 | 14 | 18449250 | 8862985 | 48 |
| ഐസിഡിഎസ് സൂപ്പർവൈസർ | 8 | 8 | 7177100 | 6726629 | 93.7 |
| സെക്രട്ടറി | 36 | 31 | 9057228 | 7122297 | 78.64 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 78 | 46 | 23344002 | 12526638 | 53.66 |
| ഹെഡ്മാസ്റ്റർ | 3 | 3 | 1503132 | 1503132 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 2523453 | 1578283 | 62.5 |
| എസ് ഐ ഫിഷറീസ് | 4 | 4 | 708000 | 675070 | 95.3 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1 | 510000 | 135000 | 26.47 |
| ആകെ | 177 | 133 | 69721159 | 45276673 | 64.94 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1105.24 | 556792 (522080-ഭരണച്ചെലവിനുള്ള ഗ്രാന്റ് )+ 30000(ജി ഐ എസ് സർവ്വേ) +4712 പലിശ) | 557897.24 | 527429.99 | 30467.25 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് (മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെ) | 0 | 13543474.01 | 13543474.01 | 13543474.01 | 0 |
| ആകെ | 1,105.24 | 1,41,00,266.01 | 1,41,01,371.25 | 1,40,70,904 | 30,467.25 |

## 1-6-1 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകങ്ങൾ

1.ഭൂവികസന പ്രവർത്തനങ്ങൾ- രേഖകൾ പൂർണ്ണമല്ല

തരിശു ഭൂമി കൃഷിയോഗ്യമാക്കൽ പ്രവൃത്തികൾ ,നീർത്തട വികസന പ്രവർത്തനങ്ങൾ എന്നിവയാണ് പ്രധാനമായും ഈ വിഭാഗത്തിൽ നടത്തിയിട്ടുള്ളത്. തരിശു ഭൂമി കൃഷിയോഗ്യമാക്കൽ പ്രവൃത്തികൾ വിവിധ കുടുംബശ്രീ യൂനിറ്റുകൾ മുഖേനയാണ് നടത്തിയത്. സ്ഥലമുടമകളുടെ നികുതി രശീതുകൾ ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഏതൊക്കെ ഭൂമിയിലാണ് കൃഷി ചെയ്യാൻ അനുമതി നല്കിയതെന്ന് വ്യക്തമാക്കുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല. ഉടമയുടെ പേരിലുള്ള മുഴുവൻ ഭൂമിയുടെയും നികുതി ഒരേ തണ്ടപ്പേരിലാണ് ഒടുക്ക വരുത്തുന്നത് എന്നതിനാൽ ഉടമ പാർപ്പിടാവശ്യത്തിനും മറ്റുമായി ഉപയോഗിക്കുന്ന ഭൂമിയും നികുതി രശീതിയിൽ ഉൾപ്പെട്ടിരിക്കാൻ സാധ്യതയുണ്ട്. അതുകൊണ്ടു തന്നെ സർവ്വേ നമ്പർ ഉൾപ്പെടെയുള്ള സമ്മതപത്രം ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭൂവികസനം നടത്തിയ സ്ഥലത്ത് കൃഷി ചെയ്തിട്ടുണ്ട് എന്ന സാക്ഷ്യപത്രവും ഫയലിന്റെ ഭാഗമാക്കേണ്ടതാണ്. കുടുംബശ്രീ യൂണിറ്റുകൾ മുഖേന പ്രവൃത്തികൾ നടത്തുന്നതിനാൽ ഉടമകൾ തൊഴിലുറപ്പു പദ്ധതിയിൽ രജിസ്റ്റർ ചെയ്തവരാകണമെന്ന നിബന്ധനയും പാലിക്കേണ്ടതായി വന്നിട്ടില്ല.

2.മൃഗസംരക്ഷണ മേഖല

ആട്ടിൻ കൂട്, കോഴിക്കൂട്, കാലിത്തൊഴുത്ത്, തീറ്റപുൽ കൃഷി തുടങ്ങിയ നിർമ്മാണ പ്രവൃത്തികളാണ് ഈ മേഖലയിൽ പ്രധാനമായും നടപ്പാക്കിയത്.

മൃഗസംരക്ഷണ മേഖലയിൽ ബാധകമായ വരുമാന പരിധി പാലിക്കപ്പെടുന്നുണ്ടെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട ഫയലുകളിൽ പ്രസ്തുത സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല.

3.മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട അപാകങ്ങൾ

1.നടപ്പാത നിർമ്മാണ പ്രവൃത്തികളാണ് പ്രധാനമായും ഈ ഗണത്തിൽ നടപ്പിലാക്കിയത്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ റീച്ച് രേഖപ്പെടുത്താത്തതും സൈറ്റ് പ്ലാൻ , ലൊക്കേഷൻ മാപ്പ് ഇവ ഫയലുകളിൽ ഉൾപ്പെടുത്താത്തതും അപാകമാണ്. സൈറ്റുകളുടെ ഫോട്ടോ ഹാജരാക്കിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം ഫോട്ടോകളിലും സിറ്റിസൻ ഇൻഫർമേഷൻ ബോർഡ് ഉൾപ്പെടുന്നില്ല.

2.മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി മെറ്റീരിയൽ പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പുറപ്പെടുവിച്ച സഉ(കൈ)93/12/ തസ്വഭവ 31.03.2012 നമ്പർ ഉത്തരവിൽ പ്രൊക്യൂർമെന്റ് സബ്കമ്മറ്റി തയ്യാറാക്കുന്ന അർദ്ധ വാർഷിക പ്രൊക്യൂർമെന്റ് പ്ലാനിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സാധനങ്ങളുടെ അളവ് കണക്കാക്കി ഒരുമിച്ച് വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സാധനങ്ങൾ വിതരണം ചെയ്യേണ്ടത് അംഗീകൃത വിതരണക്കാരായിരിക്കണം. വാങ്ങേണ്ട സാധനങ്ങളുടെ സ്ഥാപനം തിരിച്ചുള്ള പട്ടിക പ്രൊക്യൂർമെന്റ് സബ്കമ്മറ്റി തയ്യാറാക്കേണ്ടതും ആയതു പ്രകാരം സെക്രട്ടറി തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.സാധനങ്ങൾ വാങ്ങുന്നതിന് ഒരുമിച്ച് ആവശ്യകത കണക്കാക്കി ടെണ്ടർ ചെയ്യാതെ ഓരോ പ്രവൃത്തിക്കും പ്രത്യേകമായി ടെണ്ടർ ക്ഷണിക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ആയത് ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രൊക്യൂർമെന്റ് നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട ഉത്തരവുകൾക്ക് വിരുദ്ധമാണ്. ടെണ്ടർ സമർപ്പിക്കുന്നത് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വർക്ക് കോൺട്രാക്ടർമാർ തന്നെയാണ്. പ്രസ്തുത കരാറുകാർക്ക് മരാമത്ത് പ്രവൃത്തികൾക്കായുള്ള ജി എസ് ടി നമ്പർ ആണ് ഉള്ളത്. അംഗീകൃത വെണ്ടർമാർ ടെണ്ടറുകളിൽ പങ്കെടുക്കുന്നില്ല. രണ്ടര ലക്ഷം രൂപയിൽ കൂടുതൽ വരുന്ന വാങ്ങലുകളിൽ ജി എസ് ടി ടിഡിഎസ് ചെയ്യാത്തതും അപാകമാണ്.

13.05.21 തീയതിയിൽ ചേർന്ന പ്രൊക്യൂർമെന്റ് കമ്മറ്റിയോഗം 22പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ വാങ്ങാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും അതിനു ശേഷം യോഗം ചേരുകയോ ടെണ്ടർ നടപടികൾ വിലയിരുത്തുകയോ ചെയ്തിട്ടില്ല. മിനുട്സ് സാക്ഷ്യപ്പെടുത്താത്തതും അപാകമാണ്.

3.സാധനങ്ങൾ സ്റ്റോക്ക് ചെയ്ത് അളവുകളുടെ കൃത്യത ഉറപ്പു വരുത്താതെയും ജി എസ് ടി ബില്ലുകൾ ഇല്ലാതെയും സാധനങ്ങളുടെ വില നല്കുന്നത് ശരിയായ നടപടിയല്ല. ഉചിത നടപടികൾ സ്വീകരിക്കേണ്ടതിലേക്കായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരുന്നു.

4.ചില പ്രവൃത്തികളിൽ വിദഗ്ധ, അർദ്ധവിദഗ്ധ തൊഴിലാളികളുടെ കൂലി നല്കിയിരിക്കുന്നത് മസ്റ്റർ റോൾ അടിസ്ഥാനമാക്കിയല്ല. മെഷർമെന്റിന്റെ അടിസ്ഥാനത്തിൽ എന്ന രേഖപ്പെടുത്തി ഒരു തുക നല്കുകയാണ് ചെയ്തിട്ടുള്ളത്. (ഉദാഹരണമായി ശ്മശാനത്തിന് സമീപം നടപ്പാത നിർമ്മാണം എന്ന പ്രവൃത്തിയിൽ , മസ്റ്റർ റോൾ നമ്പർ 420 ൽ 7 പണി രേഖപ്പെടുത്തി 9017 രൂപ വീതം മൂന്നു പേർക്കും മസ്റ്റർ റോൾ നമ്പർ 421 ൽ 7 പണി വീതം രേഖപ്പെടുത്തി 1350 രൂപ നിരക്കിൽ മൂന്നു പേർക്കും നല്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം 1350രൂപ കൂലി ഒരു വിഭാഗത്തിനും നല്കാവുന്നതല്ല.) പ്രവൃത്തി കൃത്യമായി നടന്നിട്ടുണ്ടെന്നും മസ്റ്റർ റോൾ രേഖപ്പെടുത്തിയതിൽ വന്ന പിഴവാണെന്നുമാണ് എം എൻ ആർ ഇ ജി എസ് വിഭാഗത്തിൽ നിന്നും അറിയിച്ചത്. ഈ രീതിയിൽ വിദഗ്ധ തൊഴിലാളികൾക്ക് കൂടുതൽ കൂലി നല്കി , അവിദഗ്ധ

തൊഴിൽ ദിനങ്ങൾ കുറയുന്ന സാഹചര്യവും ഒഴിവാക്കേണ്ടതാണ്.

5.എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയതിനേക്കാൾ കുറഞ്ഞ വീതിയിൽ നടപ്പാത നിർമ്മാണം നടത്തിയതും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ആസ്തിയിൽ ഉൾപ്പെടുന്ന ഭൂമിയിൽ തന്നെയാണ് പ്രവൃത്തി നടപ്പാക്കുന്നത് എന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം ഇല്ല. എസ്റ്റിമേറ്റ് പ്രകാരമുള്ള വീതിയിൽ കുറവു വന്ന കാര്യം ശ്രദ്ധയിൽ പെടുത്തിയപ്പോൾ പ്രവൃത്തി നടപ്പിലാക്കിയപ്പോൾ അത്രയും വീതി ലഭ്യമായില്ല എന്ന മറുപടിയാണ് നല്കിയത്. ഗ്രാമപഞ്ചായത്തിന് വിട്ടുനല്കിയ ഭൂമി യഥാസമയം നിയമാനുസൃതം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാക്കുന്നതിൽ വന്ന വീഴ്ച്ചയാണ് ഇത്തരം അപാകങ്ങൾ വരാൻ കാരണം എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഉദാഹരണമായി, ശ്മശാനത്തിന് സമീപം നടപ്പാത നിർമ്മാണം - എസ്റ്റിമേറ്റ് പ്രകാരം 150 മീറ്റർ നീളത്തിലും 0.2 മീറ്റർ വീതിയിലും കല്ല് കെട്ടി 2 മീറ്റർ വീതിയിൽ കല്ല് പാവൽ, നടപ്പാക്കിയത് - 150മീറ്റർ നീളത്തിലും 0.2 മീറ്റർ വീതിയിലും കല്ല് കെട്ടി 1.5 മീറ്റർ വീതിയിൽ കല്ല് പാവൽ. ഫുട്പാത്തിന്റെ വീതിയിൽ അര മീറ്റർ കുറവു വന്നു.

6.സൈറ്റ് ഡയറികൾ അപൂർണ്ണമാണ്. ഭൂരിഭാഗം ഫയലുകളിലും മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.
4.സിറ്റിസൻ ഇൻഫോർമേഷൻ ബോർഡ്

സിറ്റിസൻ ഇൻഫർമേഷൻ ബോർഡുകൾ സ്ഥാപിക്കുന്നതിനായി ആൽഫ ബിൽഡേഴ്സ് എന്ന സ്ഥാപനത്തെയാണ് ഏൽപ്പിച്ചിട്ടുള്ളത്. മത്സരാടിസ്ഥാനത്തിലുള്ള ടെണ്ടർ/ക്വട്ടേഷന്റെ അടിസ്ഥാനത്തിലല്ല സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്. ഒരു ബോർഡിന് 3000രൂപ നിരക്കിലാണ് സ്ഥാപനത്തിന് തുക നല്കിയിട്ടുള്ളതെങ്കിലും സ്ഥാപിക്കേണ്ടുന്ന ബോർഡ് സംബന്ധിച്ച യാതൊരു നിർദ്ദേശവും സ്ഥാപനത്തിന് നല്കുകയോ കരാറിലേർപ്പെടുകയോ ചെയ്തിട്ടില്ല.

സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ബോർഡിന്റെ സ്പെസിഫിക്കേഷനും എസ്റ്റിമേറ്റും അടിസ്ഥാനപ്പെടുത്തി വേണം തുക നല്കേണ്ടത് എന്നതിനാൽ ഗ്രാമപഞ്ചായത്തിൽ ഈ രീതിയിൽ തുക നല്കിയത് ക്രമപ്രകാരമല്ല. സ്വകാര്യ ഭൂമിയിൽ പ്രവൃത്തി നടത്തുമ്പോൾ (പാട്ടകൃഷി) ബോർഡിൽ ഏതൊക്കെ സർവ്വേ നമ്പറുകളിൽ വരുന്ന പ്രവൃത്തികളാണ് നടത്തിയത് എന്നു കൂടി ചേർക്കുന്നത് നന്നായിരിക്കും.

5.ടെണ്ടർ ഫോറം വില്പന

മെറ്റീരിയൽ പ്രൊക്യൂർമെന്റിനായി ടെണ്ടർ ക്ഷണിച്ചതുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ , ടെണ്ടർ ഫോറങ്ങളിൽ വില രേഖപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടു. 225 രൂപയാണ് ഈടാക്കിയതെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി സാധനങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ സ ഉ (കൈ) നമ്പർ 93/12/തസ്വഭവ തീയതി 31.03.2012(പേജ് 9) ൽ ദർഘാസ് പ്രമാണങ്ങളുടെ വില സംബന്ധിച്ച് 01.12.2008 ലെ ജി.ഒ(പി)നമ്പർ 540/2008/ ഫിൻ ഉത്തരവിന് അനുസൃതമായി 50000രൂപ മുതൽ 500000രൂപ വരെയുള്ള വാങ്ങലുകൾക്ക് സാധന സാമഗ്രികളുടെ മൂല്യത്തിന്റെ 0.2%(100ന്റെ ഗുണിതങ്ങളിൽ) ചുരുങ്ങിയത് 400രൂപ + ജി എസ് ടി ആയിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കുറവു വന്ന തുക ഈടാക്കി ഗ്രാമപഞ്ചായത്തു ഫണ്ടിൽ വരവു വെക്കേണ്ടതാണ്.ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ കൃത്യമായ കണക്കുകൾ ലഭ്യമായിട്ടില്ല.
അപാകങ്ങൾ ആവർത്തിക്കാതിരിക്കാനും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിലേക്കായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | ₹1979000 (2021-22 ലെ പെൻഷൻ ₹1335600 , 2000-21 ലെ തുക 2021-22 ൽ വിതരണം ചെയ്തത് ₹643400) | 84 |
| വിധവാപെൻഷൻ | ₹27938900 (2021-22 ലെ പെൻഷൻ ₹19209000, 2000-21 ലെ തുക 2021-22 ൽ വിതരണം ചെയ്തത് ₹8729900) | 1224 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | ₹42455300 (2021-22 ലെ പെൻഷൻ ₹29168200, 2000-21 ലെ തുക 2021-22 ൽ വിതരണം ചെയ്തത് ₹13287100) | 1950 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | ₹7843400 (2021-22 ലെ പെൻഷൻ ₹5404800, 2000-21 ലെ തുക 2021-22 ൽ വിതരണം ചെയ്തത് ₹2438600) | 356 |
| 50 വയസ്സിന മുകളിലുള്ള അവിവാഹിതക ൾക്കുള്ള പെൻഷൻ | ₹566400 (2021-22 ലെ പെൻഷൻ ₹396800, 2000-21 ലെ തുക 2021-22 ൽ വിതരണം ചെയ്തത് ₹169600) | 28 |

## 1-7-1 സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല-സംസ്ഥാന സർക്കാരിന് ലക്ഷങ്ങളുടെ നഷ്ടം

ഗ്രാമപഞ്ചായത്തിലെ 2021 കലണ്ടർ വർഷത്തെ ഡെത്ത് രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി സേവന പെൻഷൻ തിരച്ചിൽ മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന ഗുണഭോക്താക്കളുടെ മരണ ശേഷവും അവരുടെ അക്കൗണ്ടുകളിലേക്ക് പെൻഷൻ തുക കൈമാറ്റം ചെയ്തിട്ടുള്ളതായി കണ്ടെത്തുകയുണ്ടായി.

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷൻ തരം | പെൻഷനർ ഐ ഡി | മരിച്ച തീയതി, രജിസ്ട്രേഷൻ നമ്പർ | പെൻഷൻ വിതരണ ത്തിന്റെ വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | കുഞ്ഞാമിന സി എം കെ | 200223696500 | വിധവാ പെൻഷൻ | 111000601020 | 02.01.21 1/21,20.01.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്ടീവ് |
| 2 | അബ്ദുള്ള കോമത്ത് | 636107926482 | വാർധക്യകാല പെൻഷൻ | 111000202237 | 21.01.21 2/21,11.02.21 | 2/21 |
| 3 | എം ടി സുലൈമാൻ | 411769623794 | വാർധക്യകാല പെൻഷൻ | 111000201285 | 09.01.21 19.02.21 | 8/21 |
| 4 | അബൂബക്കർ കെ ടി | 836729868248 | വാർധക്യകാല പെൻഷൻ | 111120201139 | 12.02.21 10/21,19.03.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്ടീവ് |
| 5 | മഹമ്മൂദ്.പി.പി | 855761017440 | വാർദ്ധക്യകാല പെൻഷൻ | 111000201237 | 05.02.21 12/21,23.03.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്ടീവ് |
| 6 | സൈനബ അച്ചി | 268281779833 | വാർദ്ധക്യകാല പെൻഷൻ | 111000200293 | 14.03.21 18/21,28.04.21 | ആക്ടീവ് |
| 7 | മൊയ്തീൻ.കെ | 337017618671 | വാർദ്ധക്യകാല പെൻഷൻ | 111000201451 | 14.03.21 18/21,28.04.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്ടീവ് |
| 8 | P V ABDUL KADER HAJI | 349095220962 | ക്ഷേമനിധി ബോർഡ് പെൻഷൻ | 2220234059 | 27.03.21 20/21,28.04.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, |

| | | | | | | |
|---|---|---|---|---|---|---|
| | | | (Karshaka Pension For Small And Marginal Farmers) | | | ആക്റ്റീവ് |
| 9 | മറിയുമ്മ | 371788770721 | വിധവ പെൻഷൻ | 111000600046 | 06.04.21 23/21,28.04.21 | 8/21 വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| 10 | ആസിമ. വി.വി | 687432054270 | വാർദ്ധക്യകാല പെൻഷൻ | 111000200602 | 26.03.21 24/21,28.04.21 | ആക്റ്റീവ് |
| 11 | അബ്ദുൾ ഹമീദ്.എ.സി | 836694949452 | വാർദ്ധക്യകാല പെൻഷൻ | 111000200510 | 23.03.21 26/21,28.04.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്റ്റീവ് |
| 12 | IBRAHIM.P.K.P | 415211661173 | വാർദ്ധക്യകാല പെൻഷൻ | 111000201159 | 23.04.21 29/21,15.05.21 | 12/21 വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| 13 | കുഞ്ഞാതി.എം.വി | 469344802841 | വാർദ്ധക്യകാല പെൻഷൻ | 111000201789 | 07.05.21 32/21,20.05.21 | 4/21 വരെ കൈപ്പറ്റി. 7/22, 8/22 മാസങ്ങളിലെ തുക സഹകരണ ബാങ്കിന് കൈമാറി |
| 14 | ഇബ്രാഹിം കുട്ടി | 213699022106 | വാർദ്ധക്യകാല പെൻഷൻ | 111000200298 | 26.04.21 33/21,20.05.21 | 12/21 വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| 15 | കുഞ്ഞാമിന.ടി.എം.വി | 560913192315 | വാർദ്ധക്യകാല പെൻഷൻ | 111000201071 | 10.05.21 35/21,26.05.21 | 8/21 വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| 16 | മഹമ്മൂദ്.പി.കെ | 981210522826 | വാർദ്ധക്യകാല പെൻഷൻ | 111000200679 | 07.05.21 46/21,21.06.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്റ്റീവ് |
| 17 | എൻ.കെ.പി സുലൈമാൻ | 452325377073 | വാർദ്ധക്യകാല പെൻഷൻ | 111000200262 | 15.05.21 50/21,21.06.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്റ്റീവ് |
| 18 | ഷാഹുല്‍ഹമിദ്. കെ.കെ | 354207444452 | വാർദ്ധക്യകാല പെൻഷൻ | 111000200672 | 22.05.21 52/21,21.06.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്റ്റീവ് |
| 19 | അഹമ്മദ് സിവായി | 947386486568 | വാർദ്ധക്യകാല പെൻഷൻ | 111000201115 | 03.07.21 63/21,19.07.21 | 12/21 വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| 20 | യശോദ എസ് വി | 214094447820 | വിധവ പെൻഷൻ | 111000600171 | 27.06.21 65/21,26.07.21 | 6/22 വരെ അക്കൗണ്ട് |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ട്രാൻസ്ഫർ, ആക്ടീവ് |
| 21 | അബൂബക്കർ. കെ.വി | 305929519352 | വാർദ്ധക്യകാല പെൻഷൻ | 111000200637 | 19.07.21 72/21,18.08.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്ടീവ് |
| 22 | അബ്ദുള്ള വി.കെ | 647994641070 | വാർദ്ധക്യകാല പെൻഷൻ | 111000200772 | 12.06.21 73/21,18.08.21 | 4/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്ടീവ് |
| 23 | മുഹമ്മദ്കുഞ്ഞി | 720256101007 | വാർദ്ധക്യകാല പെൻഷൻ | 111000201875 | 11.08.21 76/21,26.08.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്ടീവ് |
| 24 | ആസിമ ബി | 853887363194 | വിധവ പെൻഷൻ | 111000600797 | 03.08.21 79/21,26.08.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്ടീവ് |
| 25 | കാവിന്റരികത്ത്ഗൗരി | 818534981637 | വിധവ പെൻഷൻ | 111000600550 | 01.09.21 87/21,18.09.21 | 12/21 വരെ അക്കൗണ്ട് ട്രാൻസ്ഫർ |
| 26 | അബ്ദുറഹിമാൻ. ടി. വി. കെ | 956310179363 | വാർദ്ധക്യകാല പെൻഷൻ | 111000200721 | 14.09.21 89/21,24.09.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്ടീവ് |
| 27 | കരുണാകരൻ. സി.ഡി | 762492095349 | വാർദ്ധക്യകാല പെൻഷൻ | 111000201184 | 13.08.21 91/21,30.09.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്ടീവ് |
| 28 | ആയിസ്സ.എ | 669641917127 | വാർദ്ധക്യകാല പെൻഷൻ | 111000200747 | 10.08.21 94/21,01.10.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്ടീവ് |
| 29 | ABDUL SHUKKOR. S L P | 770482189368 | Karshaka Pension For Small And Marginal Farmers | 2220233907 | 25.09.21 96/21,5.10.21 | 12/21 വരെ അക്കൗണ്ട് ട്രാൻസ്ഫർ സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 30 | ബീഫാത്തു | 253286280324 | വാർദ്ധക്യകാല പെൻഷൻ | 111000200247 | 09.10.21 104/21,1.11.21 | 6/22 വരെ അക്കൗണ്ട് ട്രാൻസ്ഫർ, ആക്ടീവ് |

പെൻഷൻ അനർഹമായി കൈമാറുന്നതും ഗുണഭോക്താക്കൾ മരണപ്പെടുന്ന മുറക്ക് ഡാറ്റാബേസിൽ നിന്നും ഒഴിവാക്കാതിരിക്കുന്നതും ഗുരുതരമായ അപാകമാണ്.

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് അതാതു മാസം തന്നെ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം

സസ്പെന്റ് ചെയ്യുകയെന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്

മരണമടഞ്ഞ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിരുന്നിട്ടും ഡാറ്റാബേസിൽ നിന്നും യഥാസമയം ഒഴിവാക്കാത്തതിന് ഗുരുതരമായ പിഴവായി ഓഡിറ്റിൽ വിലയിരുത്തുന്നു. ഈ പിഴവ് പരിഹരിയ്ക്കാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം രജിസ്റ്റർ ചെയ്ത മരണങ്ങളുടെ വിവരങ്ങൾ മാത്രം പരിശോധിച്ചപ്പോൾ കണ്ടെത്തിയ അധിക ചെലവാണിത്. മുൻകാലങ്ങളിൽ ഉൾപ്പെടെ മരണപ്പെട്ടവരുടെ ആനുകൂല്യങ്ങൾ ഇതേരീതിയിൽ കൈമാറ്റപ്പെടാനുള്ള സാധ്യത കൂടി പരിശോധന വിധേയമാക്കേണ്ടതും തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.
അനർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും ഒഴിവാക്കുന്നതിനും ഗ്രാമപഞ്ചായത്ത് തലത്തിൽ ഫലപ്രദമായ സംവിധാനം ഉണ്ടാക്കേണ്ടതും അനർഹമായി ചെലവഴിച്ച തുക തിരിച്ചു പിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.08.22 ന് 10.45 മണിക്ക് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7342 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

കൃത്യമായ ഇടവേളകളിൽ സ്റ്റാഫ് മീറ്റിംഗ് ചേർന്ന് ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ വഴി ചുമതലാക്രമീകരണങ്ങൾ നടത്തുന്നുണ്ട്. ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിക്കാത്തതും മറ്റ് സ്റ്റോക്ക് രജിസ്റ്ററുകളിൽ വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്താത്തതും അപാകമാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കൃത്യമായ മോണിറ്ററിംഗ് ഉണ്ടാകേണ്ടതുണ്ട്.
മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ കാര്യത്തിൽ, ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ പോലും യഥാസമയം ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലുണ്ടായ വീഴ്ച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

### 1-9-1 സ്റ്റാൻഡിംഗ് കമ്മിറ്റികൾ

സ്റ്റാൻഡിംഗ് കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നുണ്ട്. ഘടകസ്ഥാപനങ്ങൾ സമർപ്പിക്കുന്ന ബജറ്റ് നിർദ്ദേശങ്ങളുടെ ക്രോഡീകരിച്ച ലിസ്റ്റ് അതാത് സ്റ്റാൻഡിംഗ് കമ്മിറ്റികളിൽ അവതരിപ്പിക്കപ്പെടാത്തത് പോരായ്മയാണ്. മരണപ്പെട്ട ഗുണഭോക്താക്കളുടേതുൾപ്പെടെ അനർഹമായി ക്ഷേമപെൻഷൻ കൈമാറ്റം ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ നിശ്ചിത കുടുംബ വാർഷിക വരുമാന പരിധിയിൽ താഴെ വരുന്നവരാണ് എന്ന കാര്യവും പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ഗ്രാമസഭ

കോവിഡ് പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിലെ 17 വാർഡുകളിലും 2022 ഫിബ്രവരി മാസത്തിൽ ഒരു തവണ വീതം മാത്രമാണ് ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ളത്. 2021-22 വാർഷിക പദ്ധതി ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സാധൂകരിക്കൽ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ, ലേബർ ബജറ്റ്, 2020-21 വരവ് ചെലവു കണക്കുകൾ അംഗീകരിക്കൽ തുടങ്ങിയവയാണ് പ്രധാന അജണ്ടകൾ. ഗ്രാമസഭാ മിനുട്സ് അതാത് ഗ്രാമസഭകളിൽ പങ്കെടുത്ത പതിനഞ്ച് അംഗങ്ങളെങ്കിലും സാക്ഷ്യപ്പെടുത്തണമെന്ന നിബന്ധന പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ഉപയോഗക്രമം മാറ്റി കെട്ടിടങ്ങൾ ഉപയോഗിക്കുന്നത്-നടപടികൾ സ്വീകരിക്കേണ്ടതാണ്

മാട്ടൂൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമായി നികുതി നിർണ്ണയം നടത്തിയിട്ടുള്ള കെട്ടിടങ്ങൾ ഉപയോഗക്രമം മാറ്റാതെ ചെഷൈർ ടൂറിസ്റ്റ് ഹോം, കായൽതീരം റസ്റ്റോറന്റ് എന്നീ പേരുകളിൽ വാണിജ്യത്തിനുള്ള കെട്ടിടങ്ങളായി ഉപയോഗിച്ചു വരുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. ചെഷൈർ വില്ലേജ് എന്ന പേരിൽ മാധ്യമങ്ങളിൽ പരസ്യം നൽകി പ്രവർത്തിച്ചു വരുന്ന ബീച്ച് റിസോർട്ടിന്റെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ 191ച മീ വിസ്തീർണ്ണമുള്ള രണ്ട് നില കെട്ടിടം വടക്കെ വായാന്റെ വളപ്പിൽ സൌദാബി എന്നവരുടെ ഉടമസ്ഥതയിൽ 14/209/A നമ്പർ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടമായിട്ടാണ് വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. പാർപ്പിടാവശ്യത്തിനായി അനുമതി നൽകി നമ്പർ നൽകിയ കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ അറിവോ അനുമതിയോ കൂടാതെ വാണിജ്യാവശ്യത്തിനായി

ഉപയോഗിച്ചുവരുന്നത് ഗുരുതരമായ നിയമ ലംഘനമാണ്. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാതെ ഉപയോഗക്രമം മാറ്റിയ കെട്ടിട ഉടമയ്ക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതും അനുബന്ധ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

2.കായൽതീരം റസ്റ്റോറന്റ് പ്രവർത്തിച്ചുവരുന്ന 93.73 ച മീ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് തീരദേശ നിയന്ത്രണ മേഖലയിൽ അനുമതി കൂടാതെ നിർമ്മാണം നടത്തിയതിനാൽ താല്കാലിക നമ്പർ (I/347A(UAC) അനുവദിച്ചിട്ടുണ്ട്. ആയതുമായി ബന്ധപ്പെട്ട ഫയൽ പ്രകാരം കെട്ടിടത്തോടനുബന്ധിച്ച് തീരദേശ പരിപാലന അതോറിറ്റിയുടെ ക്ലിയറൻസോ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള അനുമതിയോ കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നതായി ബോധ്യപ്പെട്ട താത്കാലികമായി പാർപ്പിടാവശ്യത്തിനായി അനുവദിച്ചിരുന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യാവശ്യത്തിലേക്ക് മാറ്റിയതായും ബോധ്യപ്പെട്ടു. കെട്ടിടം പൊതു നിരത്തിൽ നിന്ന് പാലിക്കേണ്ട 3 മീറ്റർ പാലിച്ചിട്ടില്ല എന്ന് സൈറ്റ് പരിശാധനയിലും ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് , വകുപ്പ് 235 W പ്രകാരം ശ്രീ ചീലേൻ അബ്ദുൾ മജീദ്, ചീലേൻ ഹൗസ്, മാടായി പി ഒ എന്നിവരുടെ ഉടമസ്ഥതയിലുള്ള 1/347 A(UAC) നമ്പർ കെട്ടിടവും ഇതിനോടനുബന്ധിച്ച് പഞ്ചായത്ത് അനുമതിയില്ലാതെ നിർമ്മിച്ച മറ്റു നിർമ്മാണങ്ങളും 7 ദിവസത്തിനകം പൊളിച്ചു നീക്കുന്നതിന് താത്കാലിക ഉത്തരവ് (ഉത്തരവ് നം. A2/1497/2019 തിയ്യതി 17.07.2019) നല്കിയതിന് കെട്ടിട ഉടമസ്ഥൻ നടപടി സ്വീകരിക്കുകയോ പഞ്ചായത്ത് കാര്യാലയത്തിൽ മറുപടി ഹാജരാക്കുകയോ ചെയ്യാത്തതിനാൽ ഉത്തരവ് നം. A2/1497/2019 തിയ്യതി 19.08.2019 പ്രകാരം കെട്ടിടം പൊളിച്ചുനീക്കുന്നതിനുള്ള ഉത്തരവ് സ്ഥിരീകരിച്ചുകൊണ്ട് ഉടമസ്ഥന് അറിയിപ്പ് നൽകിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

പാർപ്പിടാവശ്യത്തിനായി താത്കാലികമായി കെട്ടിട നമ്പർ നൽകിയ കെട്ടിടത്തോടനുബന്ധിച്ച് അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി കെട്ടിടത്തിന്റെ ഉപയോഗക്രമം മാറ്റി വാണിജ്യാവശ്യത്തിനായി തുടർന്നും ഉപയോഗിച്ചു വരുന്നതായി ബോധ്യപ്പെട്ട സാഹചര്യത്തിൽ കെട്ടിട ഉടമയ്ക്കെതിരെ നിയമാനുസൃത തുടർ നടപടി സ്വീകരിക്കാത്തതിന്റെ കാരണം അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നമ്പർ 10/10.08.22)

## 1-12 സഞ്ചയയിൽ നിന്ന് ലഭ്യമാകുന്ന റിപ്പോർട്ടുകളിൽ വ്യക്തത വരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

1അനധികൃത കെട്ടിടനിർമ്മാണം-പഴയകെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ അവ്യക്തത

നിയമാനുസൃതമല്ലാത്ത കെട്ടിടത്തിന് നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടം അധികൃതമാകുന്നത് വരെ കെട്ടിടത്തിന് നിയമാനുസൃതമാണെങ്കിൽ ചുമത്താവുന്ന നികുതിയുടെ മൂന്ന് ഇരട്ടി ചുമത്തി അനധികൃത കെട്ടിട നമ്പർ നല്കാവുന്നതാണ്. സഞ്ചയയിലെ അനധികൃത കെട്ടിടങ്ങളുടെ അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചപ്പോൾ 01.04.2013 ന് മുമ്പ് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് നിയമാനുസൃതമായ നികുതി മാത്രമാണ് ചുമത്തിയിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. ചില ഉദാഹരണങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം | വാർഡ്/കെട്ടിട നം | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം (ച മീ) | കെട്ടിടം നിയമാനുസൃത മാണെങ്കിൽ ചുമത്താവുന്ന നികുതി | കെട്ടിടത്തിന് ചുമത്തിയ നികുതി | കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല | റോഡിന്റെ തരം |
|---|---|---|---|---|---|---|---|
| 1 | 147 / A(UAC) | കെ സി മുഹമ്മദ് കുഞ്ഞി | 80 | 227 | 227 | ദ്വിതീയം | 1.5 മീറ്ററിൽ കൂടുതൽ |
| 2 | 147 / A(UAC) | എം കെ അബ്ദുൾ സത്താർ | 150 | 476 | 476 | ദ്വിതീയം | 1.5 മീറ്ററിൽ കൂടുതൽ |
| 3 | 148 / B(UAC) | ബായൻ യൂസഫ് ഹാജി | 182 | 240 | 240 | ദ്വിതീയം | 1.5 മീറ്ററിൽ കൂടുതൽ |
| 4 | 149 / A(UAC) | സെക്കീന ടി കെ | 95 | 211 | 211 | ദ്വിതീയം | 1.5 മീറ്ററിൽ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | കൂടുതൽ |
| 5 | 152 / A(UAC) | പുഴക്കൽ സാഹിത | 140 | 240 | 240 | ദ്വിതീയം | 1.5 മീറ്ററിൽ കൂടുതൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (10/10.08.22)പഴയ കെട്ടിടങ്ങളുടെ കാര്യത്തിൽ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ എ ആർ വി പ്രകാരം ചുമത്തിയ നികുതിയുടെ അടിസ്ഥാനത്തിൽ മൂന്നിരട്ടി ചുമത്തിയ വസ്തു നികുതി തുകയാണ് ഡാറ്റ എൻട്രി വരുത്തിയിട്ടുള്ളതെന്ന് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിടം നിയമാനുസൃതമാണെങ്കിൽ ചുമത്താവുന്ന നികുതിയും കെട്ടിടത്തിന് ചുമത്തിയ നികുതിയും തുല്യമായി വന്നതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. സഞ്ചയയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക പഴയ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ മൂന്നിരട്ടിയായി ഉൾപ്പെടുത്തിയ നികുതിയാണെന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ഡാറ്റാ എൻട്രി ചെയ്ത തുകയിൽ കുറവ് വന്നിട്ടുണ്ടോ എന്ന് പരിശോധന നടത്തി വ്യക്തത വരുത്തുന്നതാണെന്നും നിയമാനുസൃതമാണെങ്കിൽ ചുമത്താവുന്ന നികുതിയും കെട്ടിടത്തിന് ചുമത്തിയ നികുതിയും തുല്യമായി വന്നത് സംബന്ധിച്ച് IKM നെ അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നികുതി നിർണ്ണയത്തിൽ അപാകത വന്നിട്ടുണ്ടോ എന്ന് രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തി ആയതിനനുസരിച്ച് സഞ്ചയയിൽ മാറ്റം വരുത്തേണ്ടതും നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട അസൽ രേഖകൾ (പഴയ അസസ് മെന്റ് രജിസ്റ്റർ അല്ലെങ്കിൽ യു എ രജിസ്റ്റർ) പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

2. 100 % നികുതി പിരിവ് നടത്തിയിട്ടും സഞ്ചയയിലെ അരിയർ റിപ്പോർട്ട് രജിസ്റ്ററിൽ തുക ഉൾപ്പെട്ടത്-അപാകം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വസ്തുനികുതിയുടെ 2021-22 വർഷത്തെ ഡി സി ബി പത്രിക പ്രകാരം 100% നികുതി പിരിവ് നടത്തിയിട്ടും സഞ്ചയയിലെ അരിയർ റിപ്പോർട്ട് രജിസ്റ്റർപ്രകാരം 2013 ആദ്യപകുതിയിൽ ഡിമോളിഷ്ഡ് ആയി രേഖപ്പെടുത്തിയ കെട്ടിടങ്ങളുടെ നികുതിയിൽ കുടിശ്ശിക ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്(വാർഡ് 1,2,എന്നിവയിലെ വിവരങ്ങൾ ഉദാഹരണമായി താഴെ കൊടുക്കുന്നു.). ആയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 10/10.08.22) ഹാജരാക്കിയ മറുപടിയിൽ, പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ കാര്യത്തിൽ ഡാറ്റാ എന്ട്രി നടത്തിയതിൽ ഉണ്ടായ പിശക് കാരണമാണ് ഇത്തരത്തിൽ അരിയർ റിപ്പോർട്ട് വഴി തെറ്റായ കണക്കുകൾ കാണിക്കുന്നത് എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. IKM മായി ബന്ധപ്പെട്ട് സഞ്ചയയിലെ റിപ്പോർട്ടുകളിൽ നിന്ന് ലഭ്യമാകുന്ന കണക്കുകളിൽ കൃത്യത വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

| കെട്ടിട നമ്പർ | വാർഡ് നമ്പർ | ഉടമസ്ഥന്റെ പേര് | Demolished From | 2017-2018 | 2016-2017 | 2015-2016 | 2014-2015 | 2013-2014 | Arrear Total |
|---|---|---|---|---|---|---|---|---|---|
| 114 | 1 | Vilakiryan Vijayan (Mattool P.O.,670302, 9567395312 (Mobile)) | 2013 1st Half | 40 | 40 | 40 | 40 | | 160 |
| 373 | 1 | Ulli Muhammed Kunji (MattoolNorth P.O.,670325,8921373136 (Mobile)) | | 131 | 0 | 0 | 0 | | 131 |
| 1 | 2 | Irikkoor Valappil Kadavathe Purayil Faseela(MattoolNorth P.O.,670325) | | 1076 | 1076 | 1076 | 1076 | 1010 | 5314 |
| 2 | 2 | Irikkoor Valappil Kadavathe Purayil Faseela(Mattool North P.O.,670325) | | 672 | 672 | 672 | 672 | 606 | 3294 |
| 110 | 2 | Kavile Parambath Muthalib (MattoolNorth P.O.,670325,9496983658 | | 23 | 23 | 23 | -13 | -14 | 42 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | (Mobile)) | | | | | | |
| 163 | 2 | Ussantevalappil Khalid (Mattool North P.O.,670325) | | 14 | 14 | 14 | 14 | 0 | 56 |
| 168 | 2 | Kunjipurayil Shakkira (Mattool North P.O.,670325) | | 45 | 45 | 45 | 45 | 23 | 203 |
| 169 | 2 | Kunjipurayil Shakkira (Mattool North P.O.,670325) | | 45 | 45 | 45 | 45 | 23 | 203 |
| 170 | 2 | Kunjipurayil Shakkira (Mattool North P.O.,670325) | | 82 | 82 | 82 | 82 | 41 | 369 |
| 171 | 2 | Kunjipurayil Shakkira (Mattool North P.O.,670325) | | 227 | 227 | 227 | 227 | 227 | 1135 |
| 172 | 2 | Kunjipurayil Shakkira (Mattool North P.O.,670325) | | 82 | 82 | 82 | 82 | 41 | 369 |
| 205 | 2 | Irimban Edakkandi Mahamood (MattoolNorth P.O.,670325,8075507941 (Mobile)) | | 227 | 227 | -23 | -23 | 176 | 584 |
| 206 | 2 | Irimban Edakkandi Mahamood (MattoolNorth P.O.,670325,8075507941 (Mobile)) | | 227 | 227 | 227 | 227 | 227 | 1135 |

## 1-13 റഗുലറൈസേഷനായി അപേക്ഷിച്ച കെട്ടിടങ്ങൾക്ക് പെർമിറ്റ് അനുവദിക്കുന്നത്- തുടർ നടപടികൾകാര്യക്ഷമമാക്കേണ്ടതാണ്.

പെർമിറ്റ് രജിസ്റ്റർ പ്രകാരം റഗുലറൈസേഷനായി സമർപ്പിച്ച അപേക്ഷകൾ, അപേക്ഷയിലെ അപാകങ്ങൾ കാരണവും തീരദേശ പരിപാലന നിയമം, കേരള നെൽവയൽ, തണ്ണീർത്തട സംരക്ഷണ നിയമം എന്നിവയിലെ വ്യവസ്ഥകൾ പാലിക്കാത്ത് കാരണവും നിരസിച്ചിട്ടുണ്ട്. ഉദാഹരണം ചുവടെ പട്ടികയിൽ കൊടുത്തിരിക്കുന്നു.
കെട്ടിട നിർമ്മാണം ആരംഭിച്ചതിന് ശേഷമോ പണി പൂർത്തീകരിച്ചതിന് ശേഷമോ ആണ് റഗുലറൈസേഷന് അപേക്ഷ സമർപ്പിക്കുന്നത് എന്നതിനാൽ കെട്ടിട നിർമ്മാണം നടന്നിട്ടുണ്ട് എന്ന കാര്യം വ്യക്തമാണ്. നിരസിച്ച അപേക്ഷകളിൽ ചട്ടപ്രകാരമുള്ള തുടർ നടപടി സ്വീകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 10/10.08.22) റഗുലറൈസേഷനായി സമർപ്പിച്ച അപേക്ഷകളുടെ കാര്യത്തിൽ ഫീൽഡ് പരിശോധന നടത്തി നടപടികൾ സ്വികരിക്കാറുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനാവശ്യമായ വിവരങ്ങൾ ഓഫീസിലും പെർമിറ്റുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയറിലും ലഭ്യമല്ല. പെർമിറ്റിനായി സമർപ്പിക്കുന്ന അപേക്ഷയുമായി ബന്ധപ്പെട്ട തുടർ നടപടികൾ നിരീക്ഷിക്കുന്നതിനാവശ്യമായ രേഖപ്പെടുത്തലുകൾ പെർമിറ്റ് രജിസ്റ്ററിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. റഗുലറൈസേഷനായി സമർപ്പിച്ച അപേക്ഷകൾ അപാകങ്ങൾ കാണിച്ച് നിരസിക്കുന്ന കാര്യത്തിൽ അപേക്ഷകർ അപാകത പരിഹരിച്ച് പെർമിറ്റിനായി അപേക്ഷ സമർപ്പിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും പ്രസ്തുത വിവരം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. അപാകങ്ങൾ പരിഹരിക്കാതെ കെട്ടിട നിർമ്മാണം അനധികൃതമായി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട് നിയമം അനുശാസിക്കുന്ന നടപടി ക്രമങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

| ക്രമ നം | ഫയൽ നം | വിസ്തീർണ്ണം (ച മി) | ഉടമയുടെ പേര് | നിരസിക്കാനുള്ള കാരണം | കെട്ടിടത്തിന്റെ വിഭാഗം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 1561/21.07.20 | 51.04 | മുണ്ടന്റകീഴിൽ അബ്ദുറഹിം | KPBR 2019 പാലിക്കാത്തതിനാൽ | വാണിജ്യം |
| 2 | 2286/12.10.20 | 119.07 | സുമിയത്ത് അച്ചിന്റവിട | തീരദേശ നിയന്ത്രണ നിയമം പാലിക്കാത്തതിനാൽ | പാർപ്പിടം |
| 3 | 2687/16.11.20 | 61.64 | സുലോചന കിളർകുടിയൻ | തുടർനടപടികൾ സ്വീകരിക്കേണ്ടതില്ല എന്ന് അപേക്ഷകൻ അറിയിച്ചതിനാൽ | പാർപ്പിടം |
| 4 | 3030/23.12.20 | രജിസ്റ്ററിൽ ലഭ്യമല്ല. | ഉളുവാരത്ത് രാമദാസ് | കേരള നെൽവയൽ,തണ്ണീർത്തട സംരക്ഷണ നിയമം 27 A പാളിക്കാത്തതിനാൽ | വാണിജ്യം |
| 5 | 1044/27.02.21 | 229.13 | അഞ്ചോത്തി കുഞ്ഞിക്ക | KPBR 2019 പാലിക്കാത്തതിനാൽ | വാണിജ്യം |
| 6 | 1191/08.03.21 | 171.87 | കുഞ്ഞാമിന ടി സി | KPBR 2019 പാലിക്കാത്തതിനാൽ | പാർപ്പിടം |
| 7 | 1700/08.0421 | 64.93 | ഓട്ടക്കണ്ണൻ ആയിസ്സ | അപാകത പരിഹരിക്കുന്നതിന് കത്ത് നൽകി | പാർപ്പിടം |
| 8 | 2019/11.05.21 | 41.02 | മുക്കലകത്ത് ബീഫാത്തു | അപാകത പരിഹരിക്കുന്നതിന് കത്ത് നൽകി | വാണിജ്യം |
| 9 | 2020/11.05.21 | 278.92 | സുലൈമാൻ വി | അപാകത പരിഹരിക്കുന്നതിന് കത്ത് നൽകി | പാർപ്പിടം |
| 10 | 2856/24.08.21 | 22.75 | വടക്കെ വായന്റ വളപ്പിൽ സൗദാബി | CRZ ൽ ഉൾപ്പെട്ടതിനാൽ അപേക്ഷ നിരസിച്ചു. | പാർപ്പിടം |
| 11 | 3116/13.09.21 | 243.52 | ഇട്ടോൻ കിഴക്കെ പുരയിൽ ഫാത്തിമ | അപാകത പരിഹരിക്കുന്നതിന് കത്ത് നൽകി | പാർപ്പിടം |
| 12 | 3407/7.10.21 | 130.35 | ഫറൂഖ് കെ സി | തീരദേശ പരിപാലന നിയമം പാലിച്ചില്ല | പാർപ്പിടം |

## 1-14 തെരുവ് വിളക്ക് അറ്റകുറ്റപ്പണി-സംയുക്ത പരിശോധനാ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി,മാട്ടൂൽ ഗ്രാമപഞ്ചായത്ത്. |
| പ്രൊജക്ട് നമ്പർ | 191/22 |
| പ്രൊജക്റ്റിന്റെ പേര് | തെരുവ് വിളക്ക് അറ്റകുറ്റപ്പണി |
| അടങ്കൽ | ₹225000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹225000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| വൗച്ചർ നം/തീയ്യതി/തുക. | 22100904/24.2.2022 /₹188324 |

| | |
|---|---|
| | 22101036/25.3.2022 /₹35714<br>22100903/24.02.22 ₹962 |

വിവിധ വാർഡുകളിൽ സ്ഥിതിചെയ്യുന്ന തെരുവു വിളക്കുകളുടെ എണ്ണവും തരവും കണ്ടെത്തുന്നതിനായി കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ പരിശോധനാ റിപ്പോർട്ട് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/2021-22 തീയ്യതി-12.8.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. സംയുക്തപരിശോധനാ റിപ്പോർട്ട് ഹാജരാക്കി അറ്റകുറ്റപ്പണികൾക്കായി തുക ചെലവഴിച്ചതിന്റെ കൃത്യത ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-15 പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഒടുക്കിയതിൽ അധികം നൽകിയ 15161രൂപ ക്രമീകരിക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

2021 ഏപ്രിൽ മാസം 79 ടാപ്പുകൾക്ക് 36294 രൂപ പൊതു കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ 2.4.2021-ലെ വൗച്ചർ നമ്പർ 22100049 പ്രകാരം ഒടുക്കിയിട്ടുണ്ട്. (ഒരു ടാപ്പിന് 5512.5 രൂപ പ്രതിവർഷ നിരക്കിൽ). എന്നാൽ 11.2.2021-ന് നടന്ന സംയുക്ത പരിശോധനയുടെ റിപ്പോർട്ടിൽ 46 ടാപ്പുകൾ മാത്രമേ പ്രവർത്തനക്ഷമമായിട്ടുള്ളൂ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഏപ്രിൽ മാസം കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ ഒടുക്കേണ്ട തുക 21133രൂപ മാത്രമാണ് എന്നിരിക്കെ 79 ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഒടുക്കിയത് ക്രമപ്രകാരമല്ല. അധികം അനുവദിച്ച 15161 രൂപ (36294-21113) ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.5/2021-22 തീയ്യതി-5.8.2022) നൽകിയ മറുപടിയിൽ പ്രസ്തുത വിഷയത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും ആയത് പരിഹരിക്കപ്പെട്ടിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ 15161 രൂപ ക്രമീകരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-16 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രവും,അനുബന്ധ രേഖകളും ഹാജരാക്കേണ്ടതാണ്.

2021-22 സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളുടെ ഭാഗമായി ചുവടെ കൊടുത്തിരിക്കുന്ന പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി-യ്ക്ക് അനുവദിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം, ബിൽ അബ്സ്ട്രാക്ട്, എസ്റ്റിമേറ്റ്, എഗ്രിമെന്റ്, പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിവരം എന്നിവ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രൊജക്ട് സംബന്ധിച്ച വിവരങ്ങൾ | ബിൽ.നം/തീയ്യതി/തുക | എൻക്വയറി നം/തീയ്യതി |
|---|---|---|---|
| 1 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ<br>പ്രൊജക്ട് നമ്പർ187/22<br>അടങ്കൽ<br>₹739956(വികസന ഫണ്ട്)<br>ചെലവ്<br>₹739883(വികസന ഫണ്ട്) | 25/2021-22/24.12.2021 /₹599428<br>38/2021-22/24.3.2022 /₹140455 | 19/2021-22 /12.8.2022 |
| 2 | സ്ട്രീറ്റ് ലൈറ്റിന് മീറ്റർ സ്ഥാപിക്കൽ<br>പ്രൊജക്ട് നമ്പർ 197/22<br>അടങ്കൽ<br>₹220000(വികസന ഫണ്ട്)<br>ചെലവ് ₹218902 | 21/2021-22/20.11.2021 /₹218902 | 20/2021-22 /12.8.2022. |
| 3 | 4,6,7 വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ<br>പ്രൊജക്ട് നമ്പർ 237/22 | 44/2021-22/27.3.2022 /₹164812<br>54/2021-22/31.3.2022 | 21/2021-22 /12.8.2022. |

| | | | |
|---|---|---|---|
| | അടങ്കൽ<br>₹200000(വികസന ഫണ്ട്)<br>ചെലവ് ₹193016 | /₹28204 | |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യപ്പെട്ട മുഴുവൻ രേഖകളും ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-17 ബേലിംഗ് മെഷിൻ വാങ്ങൽ-ഇൻസ്റ്റലേഷൻ രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, മാട്ടൂൽ ഗ്രാമപഞ്ചായത്ത്. |
| പ്രൊജക്ട് നമ്പർ | 230/22 |
| പ്രൊജക്റ്റിന്റെ പേര് | ബേലിംഗ് മെഷിൻ വാങ്ങൽ |
| അടങ്കൽ | ₹550000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹443000 ,ബിൽ നം50/21-22,30.03.22 |

ബേലിംഗ് മെഷിന്റെ ഇൻസ്റ്റലേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കുവാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.23/2021-22 തീയ്യതി-12.8.2022) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട്, ഇൻസ്റ്റലേഷൻ റിപ്പോർട്ട് ഉടങ്ങിയ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 1-18 അംഗൻ വാടികൾക്ക് കുടിവെള്ള ശുദ്ധീകരണ സംവിധാനം വാങ്ങൽ -രേഖകൾ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, മാട്ടൂൽ ഗ്രാമപഞ്ചായത്ത്. |
| പ്രൊജക്ട് നമ്പർ | 249/22 |
| പ്രൊജക്റ്റിന്റെ പേര് | അംഗൻ വാടികൾക്ക് കുടിവെള്ള ശുദ്ധീകരണ സംവിധാനം വാങ്ങൽ |
| അടങ്കൽ | ₹200000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | ₹188800 |
| വൗച്ചർ നം/തീയ്യതി/തുക. | 22101110/30.3.2022/₹1,88,800 |

23.3.2022-ലെ ഇൻവോയ്സ് നമ്പർ THC-328-പ്രകാരം വാങ്ങിയ 8 വാട്ടർ പ്യൂരിഫയർ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതുമായി ബന്ധപ്പെട്ട രേഖകൾ, വാട്ടർ പ്യൂരിഫയർ കൈപ്പറ്റിയ അംഗൻവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം.24/2021-22 തീയ്യതി-12.8.2022) . പ്രസ്തുത രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-19 സ്റ്റോക്ക് , വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല

1.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി,മാട്ടൂൽ ഗ്രാമപഞ്ചായത്ത്. |
| പ്രൊജക്ട് നമ്പർ | 248/22 |
| പ്രൊജക്റ്റിന്റെ പേര് | ആയുർവേദ ആശുപത്രി ഫ്രണ്ട് ഓഫീസ് ഫർണ്ണിഷിംഗ് |
| എൻക്വയറി നം/തീയ്യതി | 25/2021-22/12.8.2022. |
| അടങ്കൽ | ₹500000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | ₹500000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം/തീയ്യതി/തുക. | 47/2021-22/27.3.2022/₹500000 |

23.3.2022-ലെ ഇൻവോയ്സ് നമ്പർDDO-KNR/SALES/65--പ്രകാരം 89420 രൂപയും, 23.3.2022-ലെ ഇൻവോയ്സ് നമ്പർDDO-KNR/WC-SALES/9--പ്രകാരം 410580 രൂപയും ചെലവഴിച്ച് വാങ്ങിയ ഫർണ്ണിച്ചറുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ,ഫർണ്ണിച്ചർ കൈപ്പറ്റിയ ആയുർവേദ ആശുപത്രിയുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ

ഹാജരാക്കിയിട്ടില്ല.

2.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി,മാട്ടൂൽ ഗ്രാമപഞ്ചായത്ത്. |
| പ്രൊജക്റ്റ് നമ്പർ | 257/22 |
| പ്രൊജക്ടിന്റെ പേര് | ആയുർവേദ ആശുപത്രിയിലേക്ക് കമ്പ്യൂട്ടർ വാങ്ങൽ. |
| എൻക്വയറി നം/തീയ്യതി | 26/2021-22/12.8.2022. |
| അടങ്കൽ | ₹44000 (₹39880(മെയിന്റനൻസ് ഫണ്ട് റോഡിതരം)<br>₹4120 (തനത് ഫണ്ട്) |
| ചെലവ് | ₹39797(മെയിന്റനൻസ് ഫണ്ട് റോഡിതരം)<br>ബിൽ നം 43/2021-22/27.3.2022 |

സ്റ്റോക്ക് രജിസ്റ്റർ, കമ്പ്യൂട്ടർ കൈപ്പറ്റിയ ആയുർവേദ ആശുപത്രി അവ സ്റ്റോക്കിലെടുത്തതുമായി ബന്ധപ്പെട്ട രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 ഇൻഫർമേഷൻ കേരള മിഷന് വിഹിതം നൽകൽ- വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, മാട്ടൂൽ ഗ്രാമപഞ്ചായത്ത്. |
| പ്രൊജക്റ്റ് നമ്പർ | 2/22 |
| പ്രൊജക്ടിന്റെ പേര് | ഇൻഫർമേഷൻ കേരള മിഷന് വിഹിതം നൽകൽ |
| അടങ്കൽ | ₹50000(വികസന ഫണ്ട്) |
| ചെലവ് | ₹50000 ബിൽ നം 17 /2021-22/25.10.2021 |

2021-22സാമ്പത്തിക വർഷം ഐ.കെ.എം- ന് അടയ്ക്കേണ്ട വിഹിതം ഇനത്തിൽ ₹50000 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.ന് (SBI.A/C.No.57047023512) നൽകിയിട്ടുണ്ട്. ആയതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14/2021-22./തീയ്യതി- 11.8.2022) വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 ജലജീവൻ മിഷൻ-തുക കൈമാറൽ-വിനിയോഗം സംബന്ധിച്ച വിവരം ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, മാട്ടൂൽ ഗ്രാമപഞ്ചായത്ത്. |
| പ്രൊജക്റ്റ് നമ്പർ | 90/22 |
| പ്രൊജക്ടിന്റെ പേര് | ജലജീവൻ മിഷൻ-തുക കൈമാറൽ. |
| അടങ്കൽ | ₹1200000(₹200000(തനത് ഫണ്ട്)<br>₹1000000(ജില്ലാപഞ്ചായത്ത് വിഹിതം)) |
| ചെലവ് | ₹1000000(ജില്ലാപഞ്ചായത്ത് വിഹിതം)<br>ബിൽ നം/തീയ്യതി 41 /2021-22/24.3.2022 |

പദ്ധതിയുടെ ഭാഗമായി 2021-22 സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുള്ള 1000000/- രൂപയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണ നം.15/2021-22 തീയ്യതി-

11.8.2022) ജലജീവൻ മിഷൻ പ്രവർത്തന പുരോഗതിയുമായി ബന്ധപ്പെട്ട റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-22 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ-മുഴവൻ മരുന്നകളും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,ഹോമിയോ |
| പ്രോജക്റ്റിന്റെ പേര് | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ |
| പ്രൊജക്റ്റ് നമ്പർ | 15/22 |
| അടങ്കൽ | ₹150000-സംരക്ഷണ ഗ്രാന്റ് -റോഡിതരം |
| ചെലവ് | ബിൽനം./തീയതി/തുക<br>1/21-22,14.12.21 ₹1,50,000 |

2021-22 സാമ്പത്തിക വർഷം ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനായി ഹോംകോ-വിന് 150000രൂപ മുൻകൂറായി നല്കിയിട്ടുണ്ട്. അനുവദിച്ച തുകയിൽ എത്ര രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെന്നറിയുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/2021-22 തീയ്യതി-4.8.2022) നൽകിയ മറുപടിയിൽ ഓഡിറ്റ് തീയ്യതിവരെ മരുന്നുകളൊന്നും ലഭിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിക്കുവാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറക്ക് പർച്ചേസ് ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-23 സാന്ത്വന ചികിൽസ-അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി മാട്ടൂൽ. |
| പ്രൊജക്റ്റ് നം. | 104/22 |
| പ്രൊജക്റ്റിന്റെ പേര് | സാന്ത്വന ചികിത്സ-ദീർഘകാല രോഗങ്ങളും, വ്യാധികളും ബാധിച്ചവർക്കുള്ള ഗൃഹ കേന്ദ്രീകൃത പരിചരണം. |
| അടങ്കൽ | ₹580000. (വികസന ഫണ്ട്) |
| ചെലവ് | ₹578214 |
| ബിൽ നം/ തീയ്യതി/തുക | 1/2021-22/31.5.2021/36600<br>2/2021-22/11.6.2021/36650<br>3/2021-22/13.7.2021/36650<br>5/2021-22/9.8.2021/36650<br>6/2021-22/23.10.2021/36600<br>7/2021-22/23.10.2021/36650<br>8/2021-22/8.11.2021/36600<br>9/2021-22/14.12.2021/36650<br>10/2021-22/14.12.2021/49842<br>11/2021-22/27.12.2021/89822<br>12/2021-22/20.1.2022/36650<br>13/2021-22/14.2.2022/36650<br>14/2021-22/21.2.2022/6000<br>15/2021-22/7.3.2022/33600<br>16/2021-22/31.3.2022/12000 |

| | |
|---|---|
| | 17/2021-22/ 31.3.2022 /20600. |

ഉപകരണങ്ങൾ വാങ്ങുന്നതിനായി 14.12.2021-ലെ ബിൽ നം 10-പ്രകാരം 49842 രൂപയും മരുന്ന് വാങ്ങുന്നതിനായി 27.12.2021-ലെ ബിൽ നം 11-പ്രകാരം 89822-രൂപയും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അനുവദിച്ചിട്ടുണ്ട്. ഇതിൽ 5018 രൂപയുടെ ഉപകരണങ്ങളും,21426 രൂപയുടെ മരുന്നുകളും ഓഡിറ്റ് തീയ്യതി വരെ ലഭിച്ചിട്ടില്ല എന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.9/2021-22 തീയ്യതി-8.8.2022) നൽകിയ മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിട്ടുണ്ട്. ഉപകരണങ്ങളും, മരുന്നുകളും ലഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും ആയത് ലഭ്യമാകുന്ന മുറക്ക് പർച്ചേസ് ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-24 സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി - പൂർത്തിയായിട്ടില്ല

നിർവഹണ ഉദ്യോഗസ്ഥൻ: ഹെഡ് മാസ്റ്റർ

പ്രോജക്ട് പേര് : സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി
പ്രോജക്ട് നമ്പർ : 67/22

അടങ്കൽ : ₹96500 (തനത് ഫണ്ട്)

ചെലവ് : ₹96500

വൗച്ചർ നമ്പർ/ തീയ്യതി/തുക -22100540/3.11.21/ ₹58300/-

22101118/30.03.22/ ₹38200/-

| റഫറൻസ് നമ്പർ/തീയ്യതി (കണ്ണൂർ ജില്ലാ സാക്ഷരതാ മിഷൻ) | ഇനം | ബാച്ച് നമ്പർ | കുട്ടികളുടെ എണ്ണം | പരീക്ഷാഫീസ് | ആകെ തുക |
|---|---|---|---|---|---|
| FI/EHS-542/2019 /DLM-KNR 25.8.21 | പ്ലസ് വൺ | 6 | 6 | 2200 | 2200x6=13200 |
| FI/E10-541 /2019/DLM-LNR 25.8.21 | പത്താംതരം | 15 | 8 | 1750 | 1750x8=14000 |
| FI/EHS-542/2019 /DLM-KNR 28.9.21 | പ്ലസ് ടു | 5 | 5 | 2200 | 2200x5=11000 |
| FI/EHS-542/2022 /DLM-KNR 25.3.22 | പ്ലസ് വൺ | 7 | 14 | 2200 | 2200x14=30800 |
| FI/EHS-542/2022 /DLM-KNR 25.3.22 | പത്താംതരം | 16 | 16 | 1750 | 1750x16=28000 |
| | | | | ആകെ | 97000 |

മാട്ടൂൽ ഗ്രാമ പഞ്ചായത്തിലെ 10-ാം തരം തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ്, ഹയർ സെക്കന്ററി തുല്യത കോഴ്സിന്റെ രജിസ്ട്രേഷൻ ഫീസ് ഇനങ്ങളിലായി ആകെ ₹ 97000 അടവാക്കുന്നതിനാണ് സാക്ഷരതാമിഷൻ കണ്ണൂർ ജില്ലാ

കാര്യാലയത്തിൽ നിന്നും അറിയിച്ചിട്ടുള്ളത്. എന്നാൽ ₹ 96500 ആണ് കേരള സംസ്ഥാന സാക്ഷരത മിഷന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 57026996123 SBI) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. കേരള സംസ്ഥാന സാക്ഷരത മിഷനിൽ നിന്നുള്ള കൈപറ്റ് രശീത്, പഠിതാക്കൾ കോഴ്സ് പൂർത്തിയാക്കി പരീക്ഷ എഴുതിയതുമായി ബന്ധപ്പെട്ട വിവരങ്ങൾ തുടങ്ങിയവ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. കൈപ്പറ്റ് രശീതിയും ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് 06.08.2022 ന് നൽകിയ 8ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2021-22 സാമ്പത്തിക വർഷം 96500 രൂപയാണ് പ്രൊജക്ടിൽ വകയിരുത്തിയതെന്നും 500 രൂപ ഈ വർഷത്തെ പ്രൊജക്ടിൽ ഉൾപ്പെടുത്തി അടക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 2020-21സാമ്പത്തീക വർഷത്തിൽ ഉൾപ്പെടുത്തിയ പഠിതാക്കളുടെ ക്ലാസ്സ് നടന്നുകൊണ്ടിരിക്കുകയാണെന്നും അവരുടെ പരീക്ഷ 2022 സെപ്റ്റംബർ 12 തീയതിയിൽ മാത്രമേ ആരംഭിക്കുകയുള്ളുയെന്നും അതിനു ശേഷം മാത്രമേ 2021-22 സാമ്പത്തിക വർഷത്തിൽ ഉൾപ്പെടുത്തിയ പഠിതാക്കളുടെ ക്ലാസ്സ് അരംഭിക്കുകയുള്ളൂവെന്നും കൈപ്പറ്റ് രശീത് കിട്ടുന്ന മുറക്ക് ഹാജരാക്കാമെന്നും അറിയിച്ചിട്ടുണ്ട്.
കൈപ്പറ്റ് രശീത്, മോണിറ്ററിംഗ് റിപ്പോർട്ട് തുടങ്ങിയ രേഖകൾ ഹാജാരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-25 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രോജക്ട് നമ്പർ /പേര് | 3/22 പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ | ₹150000 (വികസനഫണ്ട്),<br>₹150000 (സംസ്ഥാനാവിഷ്കൃതഫണ്ട്) ,<br>₹300000 (മറ്റുള്ളവ)<br>ആകെ : ₹ 600000 |
| ചെലവ് ₹300000 | ₹150000(വികസന ഫണ്ട്) -ബിൽ നമ്പർ P2/16.10.21<br>₹150000(സംസ്ഥാനാവിഷ്കൃതഫണ്ട്)-എസ് എൽ ബി പി, ഡെപ്യൂട്ടി ഡയറക്ടർക്ക് നേരിട്ട് കൈമാറിയത് |

കന്നുകുട്ടി പരിപാലന പദ്ധതി എന്ന മേൽ പദ്ധതി പ്രകാരം ₹300000 എസ് എൽ ബി പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പദ്ധതി പൂർത്തിയാകുന്ന മുറക്ക് നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-26 ഇ-ടെണ്ടർ - ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ഇ ടെണ്ടർ നടപടികളുമായി ബന്ധപ്പെട്ട ടെണ്ടർ ഫീസ്, ഇ എം ഡി തുടങ്ങിയവ നിലവിൽ കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ എസ്.ബി.ഐ. കണ്ണൂർ ബ്രാഞ്ചിലുള്ള അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടു വരുന്നത്. ഇത്തരത്തിൽ ഓഡിറ്റ് വർഷം ടെണ്ടർ ഫീസ് ഇനത്തിൽ ₹23,690 എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടുണ്ട്.
മുൻവർഷങ്ങളിൽ ഉൾപ്പെടെ ഇതേ രീതിയിൽ ക്രെഡിറ്റായി വന്നിട്ടുള്ള തുകകൾ ഉൾപ്പടെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/ 2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന നിർദ്ദേശം പാലിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി ഭൂരഹിതർക്കുള്ള ഭവന നിർമ്മാണത്തിനായി താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾക്ക് സർക്കാരിൽ നിന്നും ഭൂമി ലഭ്യമായിട്ടുണ്ടെങ്കിലും ലഭ്യമായ സ്ഥലത്തിന് ഭവന നിർമ്മാണത്തിനുള്ള കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം വിജ്ഞാപനത്തിലെ കോസ്റ്റൽ സോൺ റഗുലേഷന്റെ പരിധിയിൽ വരുന്നതിനാൽ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം അനുവദിച്ചതിന്റെ വിവരം |
|---|---|---|

| | | |
|---|---|---|
| 1 | രമേഷ് ഒ, ഓൾനിടിയാൻ ഹൗസ്, ചെറുകുന്ന് | പട്ടികജാതി വകുപ്പിൽ നിന്നും ഭവന നിർമ്മാണത്തിനായി മാട്ടൂൽ പഞ്ചായത്ത് പരിധിയിൽ ഭൂമി ലഭിച്ച ചെറുകുന്ന് ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താവാണ്. എന്നാൽ ലഭിച്ച ഭൂമി കടൽ വേലിയേറ്റ രേഖയിൽ നിന്നും 100 മീറ്ററിനുള്ളിലായതിനാൽ തീരദേശ പരിപാലന നിയമം പാലിക്കാത്തതിനാൽ ഭവന നിർമ്മാണത്തിനുള്ള പെർമിറ്റ് ലഭിക്കാത്തതുകൊണ്ടാണ് ഭവന നിർമ്മാണം ആരംഭിക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട് |
| 2 | ഷഹർബാനു. കെ എസ് | 30.03.2021 ന് മാട്ടൂൽ ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം കൈപ്പറ്റിയിട്ടുണ്ട്. പെർമിറ്റ് അനുവദിക്കുന്നതിനായി CRZ ലൈസൻസ് ലഭിക്കുന്ന മുറക്ക് ഭവന നിർമ്മാണം ആരംഭിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |

കേരളത്തിലെ എല്ലാ ഭവനരഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ആയത് കൈവരിക്കുന്നതിനായുള്ള അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-28 ലാപ്പ്ടോപ്പ് വിതരണം- സ്പെസിഫിക്കേഷൻ ഉൾപ്പെടുന്ന ബിൽ ഹാജരാക്കിയിട്ടില്ല

താഴെ പറയുന്ന പദ്ധതികളുടെ ഭാഗമായി ജെം പോർട്ടലിൽ നിന്നും വാങ്ങിയ ലാപ്പ് ടോപ്പ് കമ്പ്യൂട്ടറുകളുടെ പർച്ചേസ് ബില്ലുകളിൽ ലാപ്പ്ടോപ്പുകളുടെ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയിട്ടില്ല.

1.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്റ്റ് | 60/22, ബിരുദ ബിരുദാനന്തര ബിരുദ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ ₹243000 | 241700-വികസന ഫണ്ട് – എസ് സി പി<br>1300-തനത് ഫണ്ട് |
| ചെലവ് | 230940-വികസന ഫണ്ട് – എസ് സി പി(ബിൽ നമ്പർ)-2/21.02.2022) |

2.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ , ഫിഷറീസ് |
| പ്രോജക്റ്റ് | 69/22, മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പ് |
| അടങ്കൽ ₹132000 | 122800-വികസന ഫണ്ട്<br>9200-തനത് ഫണ്ട് |
| ചെലവ് | 115470-വികസന ഫണ്ട് (1/22.01.22) |

രണ്ടു പദ്ധതികൾക്കു വേണ്ടിയും ലാപ്പ്ടോപ്പ് വാങ്ങുന്നതിനായി ജെം പോർട്ടൽ മുഖേന രജിസ്റ്റർ ചെയ്യുകയും അസിസ്റ്റന്റ് സെക്രട്ടറി 6 എണ്ണവും ഫിഷറീസ് സബ് ഇൻസ്പെക്ടർ 3 എണ്ണവും വാങ്ങുകയും ചെയ്തിട്ടുണ്ട്. ഒരെണ്ണത്തിന് ജി എസ് ടി ഉൾപ്പെടെ 38490രൂപയാണ് വില നല്കിയത്. എന്നാൽ പർച്ചേസ് ബില്ലുകളിൽ ലാപ്പ്ടോപ്പുകളുടെ വിശദമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുത്തിയിട്ടില്ല. ഓപ്പറേറ്റിംഗ് സിസ്റ്റം ഏതാണെന്നും വ്യക്തമല്ല. സാധനങ്ങളുടെ വിശദമായ സ്പെസിഫിക്കേഷൻ ഉൾപ്പെടുന്ന പർച്ചേസ് ബില്ലുകൾ ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-29 പ്രസിഡണ്ടിന്റെ ദുരിതാശ്വാസ നിധി പ്രവർത്തനക്ഷമമല്ല

ഗ്രാമപഞ്ചായത്തിലെ ദുരിതാശ്വാസ നിധി അക്കൗണ്ടിൽ വർഷാവസാന നീക്കിയിരിപ്പ് 80 രൂപ മാത്രമാണ്. പ്രസ്തുത ഫണ്ട് സ്വരൂപിക്കുന്നതിലും അവശ്യ സന്ദർഭങ്ങളിൽ വിനിയോഗിക്കുന്നതിലും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്ന് യാതൊരു നടപടിയും ഉണ്ടാകുന്നില്ല. 2003-ല കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്കായി വിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽ പെടുത്തുന്നു.

## 1-30 ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ടെണ്ടർ ഫോറം സ്റ്റോക്ക് & സെയിൽ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.എം എൻ ആർ ഇ ജി എസ് പ്രവൃത്തികളുടെ മെറ്റീരിയൽ പ്രൊക്യൂർമെന്റിനായുള്ള ടെണ്ടറുകളുമായി ബന്ധപ്പെട്ട ടെണ്ടർ ഫോറങ്ങളിലൊന്നും തന്നെ വില രേഖപ്പെടുത്തിയിട്ടില്ല.

ഓരോ വർഷവും വാങ്ങുന്ന ടെണ്ടർ ഫോറങ്ങളുടെ വിവരങ്ങളും ഓരോ വിഭാഗത്തിലേക്കും കൈമാറുന്നതും നേരിട്ട് വില്പന നടത്തുന്നതുമായ ടെണ്ടർ ഫോറങ്ങളുടെ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തേണ്ടതും ടെണ്ടർ ഫോറങ്ങളുടെ ദുർവിനിയോഗം തടയുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

മുൻവർഷങ്ങളിലെ കണക്കുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ നിലവിൽ സ്റ്റോക്കിലുള്ള ഫോറങ്ങൾ താല്ക്കാലികമായി മുന്നിരിപ്പായെടുത്ത് വരും വർഷങ്ങളിലുള്ള വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. സാമ്പത്തിക മൂല്യമുള്ള സ്റ്റേഷനറി എന്ന നിലയിൽ ടെണ്ടർ ഫോറങ്ങളുടെ സ്റ്റോക്ക് & സെയിൽ രജിസ്റ്റർ കുറ്റമറ്റ രീതിയിൽ പരിപാലിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധി ച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 06.08.22 | കെ.എസ്.എ/കെ.എൻ.ആർ /സി.2/1147/2022 തീയതി: 19.09.2022 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കല്ല്യാശേരി ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 127500 | നെൽക്കൃഷിക്ക് വിത്തും കൂലിച്ചെലവും ലഭ്യമാക്കൽ, 7/22 | 127500 | 0 |
| | | 1532200 | ലൈഫ് ഭവന പദ്ധതി-ജനറൽ 11/22 | 1532200 | 0 |

| | | | | | |
|---|---|---|---|---|---|
| | | 100000 | ലൈഫ് ഭവനനിർമ്മാണ പദ്ധതി-എസ് സി, 83/22 | 100000 | 0 |
| | | 425000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും,77/22 | 425000 | 0 |
| | | 25000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്,81/22 | 25000 | 0 |
| | ആകെ | ₹22,09,700 | | ₹22,09,700 | |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2021-22 | 7800 | തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ , 9/22 | 7800 | 0 |
| | | 16400 | വീട്ടുവളപ്പിലെ കുളത്തിൽ മത്സ്യക്കൃഷി, 63/22 | 16400 | 0 |
| | | 400000 | ലൈഫ് ഭവന പദ്ധതി-ജനറൽ 11/22 | 400000 | 0 |
| | | 372625 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും, 77/22 | 372625 | 0 |
| | | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും,183/22 | 200000 | 0 |
| | | 1000000 | ജൽ ജീവൻ മിഷൻ തുക കൈമാറൽ, 90/22 | 1000000 | 0 |
| | | 10000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്,81/22 | 10000 | 0 |
| | 2017-18 | 1000000 | അംബേദ്കർ കോളനി കമ്മ്യൂണിറ്റി ഹാൾ നവീകരണം, 163/22 | 721165 | 278835 |
| | ആകെ | ₹30,06,825 | | ₹27,27,990 | ₹278835 |

ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 1730904രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ 388078 രൂപയും നീക്കിയിരിപ്പുണ്ടെന്ന് വാർഷിക ധനകാര്യ പത്രികയിൽ (ബി 4 ഷെഡ്യൂൾ) രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമല്ല.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർനമ്പർ /തീയതി | തുക | ചെല വഴിച്ച തുക | ചെലവഴി ക്കവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ് ഇ ബി | സ്ട്രീറ്റ് ലൈറ്റിന് മീറ്റർ സ്ഥാപിക്കൽ, 197/22 | 21190652003000636782/ 26.03.22 | 218902 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 218902 |

| | | | | | |
|---|---|---|---|---|---|
| കെഎസ് ഇ ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ, 187/22 | 21190652003000782034/ 14.12.21, 21190652003001397745/ 21.03.22 | 739883 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 739883 |
| കെഎസ് ഇ ബി | 4,6,7 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ, 237/22 | 21190652003001472039/ 26.03.22, 21190652003001531023/ 30.03.22 | 193016 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 193016 |
| കെഎസ് ഇ ബി | 64 നമ്പർ അങ്കണ വാടിക്ക് വൈദ്യുതി കണക്ഷൻ, 196/22 | 22100511/29.10.21 (വൗച്ചർ നമ്പർ) | 41539 | 41539 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് വായ്പയെടുത്തിട്ടില്ല. മുൻവർഷങ്ങളിൽ എടുത്ത വായ്പയിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയുടെയും ഓഡിറ്റ് വർഷം തിരിച്ചടച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്,ഉദ്ദേശ്യം,ഉത്തരവ് നമ്പർ | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പ | ഓഡിറ്റ് വർഷം ഒടുക്കിയ പലിശ | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ തുക |
|---|---|---|---|---|---|
| ഇ എം എസ് ലോൺ- പ്രത്യേക ഭവന നിർമ്മാണ പദ്ധതി 75894/ഡി ബി 1/12/തസ്വഭവ തീയതി 15.03.2013 | 54,00,000 (പലിശ നിരക്ക് 11%) മാടായി കോപ്പറേറ്റീവ് റൂറൽ ബാങ്ക് എടുത്ത വായ്പ ₹53,40,000 | 16,60,000 | 4,50,000 | 1,61,943 | 12,10,000(*) |

വായ്പ തുക പദ്ധതി വിഹിതത്തിൽ നിന്നും പലിശ തനത് ഫണ്ടിൽ നിന്നും ഒടുക്കുവാനാണ് അനുമതി നല്കിയിരുന്നത്. പലിശ കണക്കാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

(*)വാർഷിക ധനകാര്യ പത്രികയിൽ (ബി5 ഷെഡ്യൂൾ) വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള വായ്പ 1048057 രൂപ എന്നാണ് ചേർത്തിട്ടുള്ളത്. സുലേഖ ചെലവ് പത്രിക പ്രകാരം 450000രൂപ മുതൽ ഇനത്തിലും (പ്രോജക്ട് നമ്പർ 12/22) 161943രൂപ പലിശയിനത്തിലും (പ്രോജക്ട് നമ്പർ 13/22) ഒടുക്കിയിട്ടുണ്ട്. ഈ രണ്ട് ചെലവുകളും മുതൽ ഇനത്തിൽ ചേർത്ത് നീക്കിയിരിപ്പ് രേഖപ്പെടുത്തിയതാണ് വ്യത്യാസം വരാൻ കാരണം.

## 4-6 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപങ്ങൾ ഇല്ല.

താഴെ പറയും പ്രകാരം 10000രൂപയുടെ ഷെയർ സർട്ടിഫിക്കറ്റുകൾ ഉണ്ട്

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന ഷെയർ മൂല്യം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |

| | |
|---|---|
| ആകെ | 10000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന ഷെയർ | 10000 |

വർഷാവസാനം അവശേഷിക്കുന്ന ഷെയർ സർട്ടിഫിക്കറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കണ്ണൂർ കോപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി, ഷെയർ സർട്ടിഫിക്കറ്റ് നം. 18 തീയതി 20.06.15 , മെമ്പർ നമ്പർ ഡി 100 (2 ഡി ക്ലാസ് ഷെയറുകൾ) | 10000രൂപ |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15248രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | 1-17 | 15248 | ശ്രീമതി. അനിത സി ടി ,അസിസ്റ്റന്റ് എഞ്ചിനീയർ | 121030103007/06.12.21 |
| | ആകെ | 15248 രൂപ | | |

ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളാണ് ഉൾപ്പെടുത്തിയത്

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡികനമ്പർ | വിഷയം |
|---|---|---|---|---|
| 2005-06 | 2.85.1 | 2001-02 | 3-3 | കമ്പ്യൂട്ടർ മുറി തയ്യാറാക്കൽ- പാഴ്ച്ചെലവ് |
| 2005-06 | 2.85.2 | 2001-02 | 3-9 | ബോട്ട് ജെട്ടി നിർമ്മാണം - പൂർത്തിയാക്കിയിട്ടില്ല |
| | | 2000-01 | 3-6 | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഓഡിറ്റ് വർഷം ചാർജ്ജ് സർചാർജ്ജ് നടപടികൾ വഴി തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,77,50,126 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 6,59,21,944 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : ₹15161 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 15161 | ശ്രീ.സി കെ ശ്രീകുമാർ,സെക്രട്ടറി |
| ആകെ | ₹15161 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | 1-11,1-12,1-13 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സി കെ ശ്രീകുമാർ, സെക്രട്ടറി | സെക്രട്ടറി , ഏഴോം ഗ്രാമപഞ്ചായത്ത് | ചന്ദ്രകാന്തം,കുവോട് കുറ്റിക്കോൽ (പി ഒ) പിൻ 670562 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-00 | കെ എസ് എ /കെ എൻ ആർ/സി2-803/19 തീയതി 11.06.19 | 4 |
| 2000-01 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 1 |
| 2001-02 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 2 |
| 2003-04 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 1 |
| 2004-05 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 1 |
| 2006-07 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 4 |
| 2007-08 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 8 |

| | | |
|---|---|---|
| 2008-09 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 8 |
| 2009-10 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 19 |
| 2010-11,2011-12 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 16 |
| 2012-13,13-14 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 13 |
| 2014-15 | കെ എസ് എ /കെ എൻ ആർ/ സി2-803/19 തീയതി 11.06.19 | 6 |
| 2015-16 | കെ എസ് എ /കെ എൻ ആർ/ സി2-663/17 തീയതി 01.02.18 | 16 |
| 2016-17 | കെ എസ് എ /കെ എൻ ആർ/ സി2-1360/17തീയതി 21.05.18 | 27 |
| 2017-18 | കെ എസ് എ/കെ എൻ ആർ/ സി2-853/19 തീയതി 04.07.19 | 20 |
| 2018-19 | കെ എസ് എ/കെ എൻ ആർ/ സി.2/211(1)2020/01.10.2020 | 33 |
| 2019-20 | കെഎസ്എ/കെഎൻആർ/സി2-501/ 2022/16.07.22 | 18 |
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ/സി.2/502 /2022/16.07.22 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ മാട്ടൂൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

# ധനകാര്യപത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| Mattool Grama Panchayat<br>Receipt And Payment Statement<br>For the period from<br>01-April-2021 To 31-March-2022 | | | |
|---|---|---|---|
| Code | Head Account | Schedule | Amount(Rs.) |
| Opening Balance | | | |
| | Bank | RP-40(a) | 10,460,355.40 |
| | Cash | RP-40(a) | 118,802.00 |
| Operating | | | |
| 110000000 | Tax Revenue | RP-1 | 810,980 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 1,393 |
| 140000000 | Fees & User Charges | RP-4 | 362,355 |
| 150000000 | Sale & Hire Charges | RP-5 | 459,333 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 43,481,911 |
| 171000000 | Interest Earned | RP-9 | 187,200 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 15,290,851 |
| 350000000 | Other Liabilities | RP-36 | 2,752,450 |
| Non Operating | | | |
| 311000000 | Earmarked Funds | RP-29 | 80 |
| 340000000 | Deposits Received | RP-34 | 156,854 |
| 350000000 | Other Liabilities | RP-36 | 277,123 |
| 431000000 | Sundry Debtors (Receivables) | RP-43 | 3,760,596 |
| 460000000 | Loans, Advances and Deposits | RP-47 | 2,09,000 |
| Grand Total | | | 78,329,283.40 |
| Payments | | | |
| 210000000 | Establishment Expenses | RP-11 | 3,726,018 |
| 220000000 | Administrative Expenses | RP-12 | 621,585 |
| 230000000 | Operations & Maintenance | RP-13 | 1,362,415 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 3,300,982 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 17,771,948 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 5,994,211 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 3,578,755 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised plan) | RP-19 | 470,560 |
| 255000000 | Maintenance Projects | RP-20 | 4,514,715 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 12,500 |
| 280000000 | Prior Period Item | RP-26 | 79,790 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1,460,523 |
| 350000000 | Other Liabilities | RP-36 | 9,548,562 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 6,362 |
| 280000000 | Prior Period Item | RP-26 | -7,500 |
| 330000000 | Secured Loans | RP-32 | 611,943 |
| 340000000 | Deposits Received | RP-34 | 126,800 |
| 350000000 | Other Liabilities | RP-36 | 2,581,340 |
| 410000000 | Fixed Assets | RP-38 | 6,062,506 |
| 412000000 | Capital Work In Progress | RP-40 | 932,899 |
| 431000000 | Sundry Debtors (Receivables) | RP-43 | 1,953,054 |
| 460000000 | Loans, Advances and Deposits | RP-47 | 1,211,976 |
| Closing balance | | | |
| | Bank | RP-40(b) | 12,407,339.40 |
| | Cash | RP-40(b) | 0 |
| Grand Total | | | 78,329,283.40 |

2.ഇൻകം & എക്സ് പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

Income and expenditure statement
Mattool Grama Panchayath
For the period from 01.04.21 to 31.03.22

| *Code* | *Head Of Account* | *Schedule* | *Amount(Rs.)* |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 4,755,576 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 1,393 |
| 130000000 | Rental Income from Panchayat Properties | I-3 | 42,684 |
| 140000000 | Fees & User Charges | I-4(b) | 487,555 |
| 150000000 | Sale & Hire Charges | I-5(b) | 459,333 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 124,024,996 |
| 171000000 | Interest Earned | I-8 | 187,200 |
| 180000000 | Other Income | I-9 | 299,616 |
| | Total-Income | | 130,258,353 |

| | | | |
|---|---|---|---|
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 13,113,526 |
| 220000000 | Administrative Expenses | I-11(b) | 802,250 |
| 230000000 | Operations & Maintenance | I-12(b) | 1,362,415 |
| 240000000 | Interest & Finance Charges | I-13 | 6,362 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 5,208,910 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 32,748,032 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 5,994,211 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(c) | 3,578,755 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | I-14(d) | 55,984,960 |
| 255000000 | Maintenance Projects | I-14(e) | 4,514,715 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 12,500 |
| 270000000 | Provisions and Write off | I-16 | 3,458 |
| 272000000 | Depreciation | I-17(a) | 7,085,062 |
| B | Total-Expenditure | | 130,415,156 |
| C = A-B | *Gross Surplus/Deficit of Income over Expenditure* | | (156,803) |
| D= 280000000 | Prior Period Item | I-18 | (1,155,023 ) |
| E = C-D<br>290000000 | *Gross Surplus /Deficit of Income over Expenditure after prior period items*<br>Transfer to Reserve Funds | | 998,220 |
| | *Net Balance being surplus/deficit carried over to Balance sheet (Panchayat Fund)* | | |

3. ബാലൻസ് ഷീറ്റ്

| Mattool Grama Panchayat<br>BALANCE SHEET<br>As on 31-March-2022 | | | |
|---|---|---|---|
| Code No. | Description of Items | Schedule No | Amount |
| 310000000 | LIABILITIES<br>Reserve& Surplus<br>Muncipal (General) Fund [Code No 310] | B-1 | 17381910.40 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | B-2 | 80.00 |
| 312000000 | Reserves | B-3 | 33302698.00 |
| | *Total Reserve& Surplus* | | 50684688.40 |
| 320000000 | Grants,Contributions for specific purposes<br>Grants, Funds & Contributions for Specific Purposes | B-4 | 10090423.25 |
| | *Total Grants,Contributions for specific purposes* | | 10090423.25 |
| 330000000 | Loans<br>Secured Loans | B-5 | 1048057.00 |
| | *Total Loans* | | 1048057.00 |
| 340000000 | Current Liabilities and Provisions<br>Deposits Received | B-7 | 506754.00 |
| 350000000 | Other Liabilities | B-9 | 4916007.75 |
| | *Total Current Liabilities and Provisions* | | 5422761.75 |
| | TOTAL LIABILITIES | | 67245930.40 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 75943093.00 |
| 411000000 | Accumulated Depreciation | B-11 | (26102853.00) |
| 412000000 | Capital Work In Progress | B-11(a) | 932899.00 |
| | *Total Fixed Assets* | | 50773139.00 |
| 420000000 | Investments<br>Investments | B-12 | 10000.00 |
| | *Total Investments* | | 10000.00 |
| 430000000 | Current Assets,Loans and Advances<br>Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 1953054.00 |
| 440000000 | Pre-paid Expenses | B-16 | 1048057.00 |
| 450000000 | Cash and Bank balance | B-17 | 12407339.40 |
| 460000000 | Loans, Advances and Deposits | B-18 | 1054341.00 |
| | *Total Current Assets,Loans and Advances* | | 16462791.40 |
| | TOTAL ASSETS | | 67245930.40 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ